# ഫിലിം വിഷൻ

**DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY**

PH:8089036090

website:www.filca .in  email :filcakerala@gmail.com


വോള്യം -8  ലക്കം -143  ഒക്ടോബർ 2025  മലയാളം - ഇംഗ്ലീഷ്


Filca film society in association with Joint council, Higher Education Dept., Lottery Dept., Beam Film Society, Chalachithra Academy, AFSO (Association of film societies) and other organisations.

സാഹിത്യവും സിനിമയും - ഭാഗം - 5

## OCTOBER FILM FESTIVAL PART- 5




**10:00 AM**
TIN DRUM
GUNTER GRASS
Dir : Volker Schlondorff

**03:45 PM**
OLDMAN AND THE SEA
ERNEST HEMINGWAY
Dir : John Sturges




**Joint Council A/c Hall,**
Near Press Club,
Trivandrum.

**26 OCTOBER 2025**

**01:30 PM**
WAITING FOR THE BARBARIANS
J .M. COETZEE
Dir : Ciro Guerra

All are welcome ◆ Admission to people who are above 18 years old ◆ Free entry



കേരള സർക്കാർ
കേരള സംസ്ഥാന ഭാഗ്യക്കുറി
ഇനി ലക്ഷങ്ങളില്ല
കോടികൾ മാത്രം
സമ്മാനഘടനയിൽ അടിമുടി മാറ്റം വരുത്തി സംസ്ഥാന ഭാഗ്യക്കുറി
സമൃദ്ധി ഭാഗ്യക്കുറി
SAMRUDHI LOTTERY
എല്ലാ ഞായറാഴ്ചയും
രണ്ടാം സമ്മാനം ₹25 ലക്ഷം COMMON TO ALL SERIES
മൂന്നാം സമ്മാനം ₹5 ലക്ഷം COMMON TO ALL SERIES
ഒന്നാം സമ്മാനം ₹1കോടി COMMON TO ALL SERIES
ടിക്കറ്റ് വില ₹50
ഭാഗ്യതാര ഭാഗ്യക്കുറി
BHAGYATHARA LOTTERY
എല്ലാ തിങ്കളാഴ്ചയും
ഒന്നാം സമ്മാനം ₹1കോടി COMMON TO ALL SERIES
ടിക്കറ്റ് വില ₹50
സ്ത്രീശക്തി ഭാഗ്യക്കുറി
STHREESAKTHI LOTTERY
എല്ലാ ചൊവ്വാഴ്ചയും
ഒന്നാം സമ്മാനം ₹1കോടി COMMON TO ALL SERIES
ടിക്കറ്റ് വില ₹50
ധനലക്ഷ്മി ഭാഗ്യക്കുറി
DHANALEKSHMI LOTTERY
എല്ലാ ബുധനാഴ്ചയും
ഒന്നാം സമ്മാനം ₹1കോടി COMMON TO ALL SERIES
ടിക്കറ്റ് വില ₹50
കാരുണ്യ പ്ലസ് ഭാഗ്യക്കുറി
KARUNYA PLUS LOTTERY
എല്ലാ വ്യാഴാഴ്ചയും
രണ്ടാം സമ്മാനം ₹30 ലക്ഷം COMMON TO ALL SERIES
മൂന്നാം സമ്മാനം ₹5 ലക്ഷം COMMON TO ALL SERIES
ഒന്നാം സമ്മാനം ₹1കോടി COMMON TO ALL SERIES
ടിക്കറ്റ് വില ₹50
സുവർണ്ണ കേരളം ഭാഗ്യക്കുറി
SUVARNA KERALAM LOTTERY
എല്ലാ വെള്ളിയാഴ്ചയും
രണ്ടാം സമ്മാനം ₹30 ലക്ഷം COMMON TO ALL SERIES
മൂന്നാം സമ്മാനം ₹5 ലക്ഷം COMMON TO ALL SERIES
ഒന്നാം സമ്മാനം ₹1കോടി COMMON TO ALL SERIES
ടിക്കറ്റ് വില ₹50
കാരുണ്യ ഭാഗ്യക്കുറി
KARUNYA LOTTERY
എല്ലാ ശനിയാഴ്ചയും
ഒന്നാം സമ്മാനം ₹1കോടി COMMON TO ALL SERIES
ടിക്കറ്റ് വില ₹50
കൂടാതെ 5000, 1000, 500, 100, 50 രൂപയുടെ നിരവധി സമ്മാനങ്ങൾ
For draw results: www.statelottery.kerala.gov.in
വിശ്വസ്തം സുതാര്യം ജനകീയം



KFC Kerala Financial Corporation
we finance your dream

# FUNDING YOUR DREAMS

Kerala Financial Corporation Offers a diverse range of loan schemes, including **CMEDP (Chief Minister's Entrepreneurship Development Programme), KFC Startup Kerala, Term loans, Working capital loans**, and specialized schemes for sectors like Tourism, Agriculture, and Manufacturing.

- **Attractive interest rates starting from 5% facilitated by government subsidies and KFC rebates.**
- **Offers collateral-free loans of up to 2 crores for eligible startups**

## Kerala Financial Corporation

**Partnering with Kerala for Progress**

APPLY NOW

**Your business journey starts here**

0471 2737500
www.kfc.org

keralafinancialcorporation | krlfincorp | kerlafincorp | KeralaFinancialCorporation | www.kfc.org

# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE OCTOBER 2025

INDEX


1. Nobel Prize Literary Works and Cinema
   -ഡോ. ബി.രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 13



2. The Contradictions of communication, and Paradox of Parallel Cinema - സാബു ശങ്കർ (ഫിൽക്ക) 16



3. ടിൻ ഡ്രം ( തകരച്ചെണ്ട )
   - ഡോ. പി. അജികുമാർ (ഫിൽക്ക) 21



4. ഗുന്തർ ഗ്രാസ് : നോബൽ പ്രൈസ് നേടിയ
   -ജർമ്മൻ സാഹിത്യകാരൻ – ഹക്കിം പാലച്ചിറ (ഫിൽക്ക) 25



5. വോൾകർ ഷോളൻഡോർഫ് : വിശ്വപ്രസിദ്ധ ജർമ്മൻ സംവിധായകൻ
   – പി. എസ്. ജ്യോതിഷ്കുമാർ (ഫിൽക്ക) 28



6. അപൂർവ്വമീ അപസ്വരത്തിൻ തകരച്ചെണ്ട
   കവിത – രാജാംബിക ( ഫിൽക്ക) 32



7. വെയ്റ്റിംഗ് ഫോർ ദി ബാർബേറിയൻസ്
   – വിനോദ് കുമാർ. പി. ( ഫിൽക്ക ) 35




Website:www.filca.in Email:filcakerala@gmail.com

# FILM VISION
# DIGITAL FILM MAGAZINE

## WHATS INSIDE OCTOBER 2025

INDEX

8. ജെ. എം. കോറ്റ്സി മനുഷ്യാത്മാവിന്റെ ആഫ്രിക്കൻ പ്രതിധ്വനി
– ലീലാമ്മ തോമസ് ബോട്സ്വാന (ഫിൽക്ക) 38



9. സിറോ ഗുവേര: കൊളംബിയൻ ചലച്ചിത്ര ശബ്ദം'
– നിമിഷ ഹെലൻ (ഫിൽക്ക) 42



10. കിഴവനും കടലും ( Old Man and The Sea)
– സുരേഷ് കുമാർ . സി.(സെക്രട്ടറി, ബീം ഫിലിം സൊസൈറ്റി) 44



11. ഏണസ്റ്റ് ഹെമിങ്‌വേ : ലോകസാഹിത്യത്തിലെ മണിമുഴക്കം
– ഷീബ . എസ് . ജെയിംസ് (ഫിൽക്ക) 48



12. ജോൺ സ്റ്റർജസ് – The Old Man and the Sea
എന്ന ചിത്രത്തിന്റെ സംവിധായകൻ – മിഥില (ഫിൽക്ക) 52



13. കിഴവനും കടലും
കവിത – പുഷ്പ അനിൽ ( ഫിൽക്ക) 55



14. വിശ്വപ്രസിദ്ധ സാഹിത്യകൃതികളെ ആസ്പദമാക്കിയുള്ള
ചലച്ചിത്രമേളയുടെ നാലാം ഭാഗം (പ്രതികരണം) – ജോൺ തോമസ് 58





GOVERNMENT OF KERALA
kerala
God's Own Country
Let the breathtaking views caress your soul
Maitri.com
God's own country welcomes you to spectacular destinations to make your holidays unforgettable.


www.ksfe.com
കെ എസ് എഫ് ഇ
ഗോൾഡ് ലോൺ
ഇനി ആവശ്യങ്ങൾക്ക് അവധികൊടുക്കേണ്ടതില്ല...
കുറഞ്ഞ പലിശ | കൂടുതൽ തുക | എത്രയും പെട്ടെന്ന്
KSFE
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

KSFDC

filca FILM LOVERS CULTURAL ASSOCIATION

# WORLD LITERATURE AND CINEMA FILM FESTIVAL

PART -V




Filca film society in association with Joint council, Higher Education Dept., Lottery Dept., Beam Film Society, Chalachithra Academy, AFSO (Association of film societies) and other organisations..

| 26, SUNDAY, OCTOBER,2025. | SCREENING SCHEDULE | Joint council 1ST Floor, Near Press Club, Trivandrum. |
|---|---|---|

## FILCA FILM SOCIETY

### OCTOBER FILM FEST



10:00 AM
**TIN DRUM**
**GUNTER GRASS**
2019 / 142 MIN /
GERMANY/
DIR: Volker Schlondorff



Volker Schlondorff






01:30 PM
**WAITING FOR THE BARBARIANS**
**J. M .COETZEE**
2019 / 112 MIN /
ITALY - USA
DIR: Ciro Guerra



Ciro Guerra





03:45 PM
**OLDMAN AND THE SEA**
**ERNEST HEMINGWAY**
1958/ 87 MINS
USA
DIR: John Sturges



John Sturges



5:30 PM - 6:30 PM
**ANNUAL GENERAL BODY MEETING.**

website:www.filca .in

email :filcakerala@gmail.com



Innovating for Healthy Generations
HLL has traversed a long path, over the past five decades. From a modest condom manufacturer, HLL has emerged as one of India's foremost providers of quality & affordable healthcare products and services. From innovative Contraceptives to Hospital products, Diagnostic services to Retail Pharmacy, creating new-age Infrastructure to Social development initiatives, we are doing all it takes to keep the generations healthy.
HLL Lifecare Limited
(A Government of India Enterprise)
www.lifecarehll.com
Contraceptives | Hospital Products | Nutraceuticals | Personal Care Products | Diagnostic Services | Retail Pharmacy | Projects & Services



KPharma
Your Family Health Store
Your Prescription
Delivered Anytime,
Anywhere
Kuravankonam - +91 9995811166
Attingal - +91 8129484422
Pothencode - +91 9074558869
Manacaud - +91 8136988890
Vattiyoorkavu - +91 8714692315
Ayoor - +91 7593001351

# വിശ്വ സാഹിത്യവും വിശ്വ സിനിമയും

ചലച്ചിത്രമേള: പരമ്പര ഭാഗം -5

## ആധുനികതയും ലോക കലയും

26 ഒക്ടോബർ 2025 (ഞായർ)

ജോയിന്റ് കൗൺസിൽ ഹാൾ

## ഫിൽക്ക ഫിലിം സൊസൈറ്റി 25 –ാം വർഷം

ജോയിന്റ് കൗൺസിൽ, ബീം ഫിലിം സൊസൈറ്റി,
ഉന്നത വിദ്യാഭ്യാസ വകുപ്പ്, ലോട്ടറി വകുപ്പ്, ചലച്ചിത്ര അക്കാദമി,
AFSO ((അസോസിയേഷൻ ഓഫ് ഫിലിം സൊസൈറ്റീസ്)

പ്രവേശനം സൗജന്യം

10 AM **Tin Drum**

Nobel Prize winner Gunter Grass
Directed by Volker Schlöndorff
Germany / 2019 / 142 Min.








1:30PM **Waiting for the Barbarians**

Nobel Prize winner J M Coetzee /
Directed by Ciro Guerra /
Italy - USA/ 2019 / 112 Min.

3:45 PM **Oldman & The Sea**

Nobel Prize winner Ernest Hemingway/
Directed by John Sturges
USA / 1958/ 87 Mins.



October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-V
KSFDC






# വിശ്വസാഹിത്യവും വിശ്വസിനിമയും

## ഫിലിം ഫെസ്റ്റിവൽ പരമ്പര

ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ജനുവരി, ഫെബ്രുവരി, മാർച്ച്


ഫിൽക്ക ഫിലിം സൊസൈറ്റി 25-ാം വാർഷികം

25 സിനിമകൾ


**26 Sunday, September 2025**

**@ Joint Council Hall, Near Press Club, Trivandrum**

## Film Fest Part -5 October



10 AM
### Tin Drum
Nobel Prize winner Gunter Grass
Directed by Volker Schlöndorff
Germany / 2019 / 142 Min.



3:45 PM
### Oldman & The Sea
Nobel Prize winner Ernest Hemingway
Directed by John Sturges
USA / 1958/ 87 Mins.



1:30 PM
### Waiting for the Barbarians
Nobel Prize winner J M Coetzee / Directed by Ciro Guerra /
Italy - USA/ 2019 / 112 Min.

## Film Fest Part - 4 September

10:00 AM
**THE PLAGUE**
Albert Camus
Directed by Luis Peunzo.
1992 /101 Mins / Argentina France- UK

2:00 PM
**METAMORPHOSIS**
Franz Kafka
Directed by Chris Swanton
2012 /85 Mins / UK

4:00 PM
**RHINOCEROS**
Eugene Ionesco
Directed by Tom O' Horgan.
1974 / 101 Mins / USA

- ഫിലിം മാഗസിൻ ഓരോ മാസവും പ്രത്യേക പതിപ്പ്
- All editions are availble on www.filca.in

## Film Fest Part -3 August

10:00 AM
**ANNA KARENINA**
Leo Tolstoy - Novel - 1878
Film/ 2012 /130 Mins / UK - USA
Directed by Joe Wright

2.30 PM
**LES MISERABLES**
Victor Hugo - Novel - 1862
Film/ UK - Germany - USA / 1998/ 134 Min
Directed by Bille August

21 August 2025 Thursday
St. Xavier's College, Thumba



## Film Fest Part -2 July

10:00 AM
**THRONE OF BLOOD**
William Shakespeare ( Macbeth)
1957 / Japan / 110 Mins.
Directed by Akira Kurosawa

01:00 PM
**BROTHERS KARAMAZOV**
Fydor Dostoevsky
1958/ USA / 145 Mins
Directed by Richard Brooks

03:35 PM
**DON QUIXOT**
Miguel Cervantes
1957 / USSR / 110 Mins.
Directed by Gregory Kozintsev

31 July 2025, Thursday
Cine Paradise Film Club
Faris Odeh College
Union 2024-25,
Govt. College for Women



## Film Fest Part -1 June

Screening 3 PM/
**LOVE IN THE TIME OF CHOLERA**
Gabriel Garcia Marquez/ USA/
2007/ 139 Mins
Dir : Mike Newell

Screening 5:45 PM/
**HAMLET**
William Shakespeare/
USSR / 1964 / 140 Min.
Dir : Gregory Kozintsev

21 June 2025, Saturday
State Central & Public Library Auditorium



FILCA FILM SOCIETY in association with Higher Education Dept., Lottery Dept., Tourism Dept., BEAM FS, Chalachithra Academy, AFSO (Association of Film Societies) & other Organizations.

filcakerala@gmail.com 80 890 360 90 www.filca.in

# NOBEL PRIZE LITERARY WORKS AND CINEMA



**Dr. B. Radhakrishnan**
(President, Filca Fim Society

The Filca Film Society of Trivandrum enters into the 5th part of the festival series titled 'World Literature and World Cinema' in October.Our curation and digital magazine are attracting the people who love world literature and classic cinema.

Cinema has often drawn inspiration from the profound worlds created by Nobel Prize-winning authors, bringing their literary genius to life on the big screen.

The 2025 Nobel Prize in Literature winner, László Krasznahorkai, has several films based on his literary works.

Sátántangó (1985 novel, 1994 film) - A 7-hour and 30-minute film directed by Béla Tarr, explores themes of decay and despair in a collapsing village.




Werckmeister Harmonies (1989 novel) - a 2000 film also directed by Béla Tarr, tells the story of a travelling circus arriving in a ruined village.

The Nobel Prize is a set of annual international awards bestowed in several categories, including literature, peace, physics, chemistry, and physiology or medicine. The prizes were established by the will of Alfred Nobel, a Swedish inventor and chemist, in 1895. The first Nobel Prizes were awarded in 1901, five years after Nobel's death.

The prizes are awarded in Stockholm, Sweden (except for the Peace Prize, which is awarded in Oslo, Norway). The Nobel Committee selects winners through a rigorous process, involving nominations and evaluations by experts in each field.

Over the years, the Nobel Prize has recognised groundbreaking work in various fields, from Einstein's theory of relativity to "tireless work promoting democratic rights for the people and struggle to achieve a just and peaceful transition from dictatorship to democracy", "discoveries concerning peripheral immune tolerance", and "macroscopic

quantum mechanical tunnelling and energy quantisation in an electric circuit".

The prize is awarded to an author who has produced "the most outstanding work in an ideal direction". The first Nobel Prize in Literature was awarded to Sully Prudhomme in 1901. The Nobel prize for literature came to India through Rabindranath Tagore in 1913.

Selma Lagerlöf was the first woman to win the Nobel Prize in Literature in 1909. The 1921 silent film, The Phantom Carriage, was based on the 1912 novel Thy Soul Shall Bear Witness, written by Swedish author Selma Lagerlöf.

The 1940 film The Grapes of Wrath by John Ford was based on John Steinbeck's




1939 Pulitzer Prize-winning novel of the same name. Steinbeck himself won the 1962 Nobel Prize in Literature. The film recounts the story of the Joads, who, after losing their farm during the Great Depression, became migrant workers and ended up in California.


The 1942 film The Jungle Book, by the Korda brothers, was loosely adapted from Rudyard Kipling's 1894 novel. The story centres on Mowgli, a feral young man kidnapped by villagers who are cruel to the jungle animals. Kipling was awarded the Nobel Prize in Literature in 1907.

The Old Man and the Sea is a 1958 American adventure drama film directed by John Sturges and starring Spencer Tracy. The screenplay by Peter Viertel was based on the 1952 novella of the same name by Ernest Hemingway who won the Nobel Prize in 1954.

Hunger is a 1966 black-and-white drama film directed by Denmark's Henning Carlsen, based upon the novel Hunger by Norwegian Nobel Prize-winning author Knut Hamsun.

The 1967 Italian film by Luchino Visconti was based on Albert Camus' 1942 novel The Stranger. Camus had won the Nobel Prize in Literature at the age of 44 in 1957.

The 1971 film Death in Venice by Luchino Visconti was adapted from the 1912 novella by Thomas Mann. The author won the 1929 Nobel Prize in Literature. The film was the second part of



Visconti's thematic "German Trilogy". The Homecoming, the 1973 film by Peter Hall, is based on the play of the same name by Harold Pinter. The film has all cast members from the play's first performance in 1965 reprise their roles. Harold Pinter won the Nobel Prize in Literature in 2005.

The Tin Drum is a 1979 internationally co-produced Black Comedy anti-war German film adapted from Günter Grass's novel of the same name, directed by Volker Schlöndorff. Gunter Grass was awarded the Nobel Prize in 1999.

Satyajit Ray's 1984 film Ghare Baire (The Home and the World) was based on Rabindranath Tagore's novel of the same name. Tagore became the first non-European to win a Nobel Prize in any category and also the first lyricist to win the Nobel Prize in Literature.

No One Writes to the Colonel, Arturo Ripstein's 1999 film, was based on the eponymous novella by Colombian author and Nobel Prize winner Gabriel García Márquez. The author won the 1983 Nobel Prize. The film was also selected as the Mexican entry for the Best Foreign Language Oscar.

The 2001 film Piano Teacher is based on a 1983 novel of the same name by Elfriede Jelinek, who was awarded the 2004 Nobel Prize in Literature. The film tells the story of an unmarried piano teacher at a Vienna conservatory, who enters into a sadomasochistic relationship with her student. It won the Grand Prix at the 2001 Cannes Film Festival.

Fateless is a Hungarian film directed by Lajos Koltai, released in 2005. It is based on the semi-autobiographical novel Fatelessness by the Nobel Prize winner Imre Kertész.

Away from Her is a 2006 Canadian independent drama film directed by Sarah Polley and is based on Alice Munro's short story "The Bear Came Over the Mountain". Alice Munro won the Nobel Prize in 2013.

The 2009 South Korean body horror drama film by Lim Woo-Seong was based on the 2007 novel Vegetarian, by Han Kang. Han is the first Asian woman and Korean to be a recipient of the Nobel Prize in Literature, receiving the award in 2024.

From timeless classics to contemporary tales, cinema has long drawn inspiration from profound worlds penned by Nobel Prize-winning authors.

Filca screens 3 films (The Tin Drum (Gunter Grass), Waiting for Barbarians (J.M. Coetzee) and The Old Man and the Sea (Ernest Hemingway)) based upon Nobel Prize winners on Sunday, 26 October 2025, at the Joint Council auditorium, near the Press Club.

I cordially welcome you all to part take of this wonderful visual experience.

# The Contradictions of communication, and Paradox of Parallel Cinema



**Sabu Sankar**
Novelist, Film Writer, Director

Mass communication plays a vital role in culturally and economically backward societies, serving as a powerful tool for cultural revolution, transmission, and dialectical development. In such societies, mass communication helps bridge the gap between traditional and modern ways of seeing, promoting social awareness and better understanding.

Cinema as a mass communication medium helps to preserve traditional values by documenting and showcasing cultural heritage and interprets political values and norms from one generation to another, promoting social identity. The content of cinema as an art form mobilizes communities to address socio - political issues and provides access to information and enriches social consciousness.

The mass communication process plays a vital role in the modern world, and cinema is a significant part of it. The classic films have become a powerful medium for storytelling, entertainment, and education, influencing people's lives and culture worldwide.



While digital technology has transformed filmmaking, making it more accessible and diverse, it also opens a sort of paradoxical way of communication in parallel cinema.

Even though the new streams of OTT platforms have revolutionized film distribution, exposing audiences to global content, it widely produces contradictions in messages, ideas, and



emotions, connecting with audiences worldwide. In short, the commercial psychology of mass communication and cinema, and the modern world are intricately linked, with films also playing an influential role in shaping counterculture, and intellectual slavery.

The truthful mass communication and art cinema as mass media catalyse social change by spreading awareness about important issues, challenging societal norms, and inspiring action. It empowers communities by providing thought waves for voices to be heard, fostering solidarity, and promoting collective responsibility. Such mass media informs citizens about democratic processes, human rights, and political responsibilities, too. At the same time, it entertains, providing emotional release and contributing to mental well-being.

By harnessing the power of mass communication pulses of art cinema, society can achieve a line of progress, enhance socio - cultural content, and captivate audiences. But the irresponsible mass communication content can indeed have a negative impact on people, often leading to harmful influences rather than progressive ones.

A constant exposure to explicit content can desensitise individuals, making them inactive. The spread of unverified




information may lead to societal panic, unrest, and the erosion of trust in social systems, the portrayal of idealised lifestyles and body images can create unrealistic expectations, contributing to low self-esteem,anxiety, and depression. An excessive reliance on mass media can lead to decreased face-to-face interactions, exacerbating social isolation and abnormal psychology.
Nowadays Mass media is full of contradictions, reflecting the complexities and negative elements





of our society. This is the era of social media that connects us globally, but this can also lead to decreased face-to-face interactions and increased self-centred dark matter.

Mass communication often prioritises sensationalism over substance, neglecting in-depth analysis and meaningful content. The emphasis on entertainment and ratings can lead to superficial coverage of important issues, lacking depth and context. The spread of irresponsible information can lead to confusion, mistrust, and societal unrest. Mass communication often falls short of its potential, despite its significant role in expanding our vision and enjoying aesthetic experiences. Instead of fulfilling its promise, it can be irrelevant, superficial, or even counterproductive.







To bridge the gap between popular stream and creative stream, we need to prioritize quality content, promote media literacy, and encourage critical thinking. By doing so, we can unlock the full potential of mass communication and create a more informed, empathetic, and enlightened society. It can provide a platform for artistic expression, enriching our lives with aesthetics of film, literature, and other creative endeavours.

Mass media can democratize information but also spread misinformation and propaganda. It often prioritises entertainment over education, neglecting its potential for social change. It promotes freedom of expression but also faces censorship and self-censorship.

The aesthetic mission and vision of cinema as a mass communication medium is to create, inspire, and provoke thought, emotion, and reflection in its audience. Cinema as a medium has the potential to unveil the hidden and phenomenal reality as a realisation, to share human experiences, emotions, and perspectives through compelling narratives.





It creates emotional connections with the audience, making them a part of historical intervention. It highlights the creative vision of filmmakers, writers, and artists, celebrating the beauty of cinema. It fosters understanding and compassion for diverse human experiences and perspectives. It always questions societal norms, conventions, injustices, and political frauds. It takes up the challenge to showcase the beauty of humanity, nature, and sensibility, enriching our lives.

Bridging sensationalism and sensitivity requires a thoughtful approach focussing on nuanced, balanced storytelling that respects the complexity of issues, portraying subjects with empathy, providing context to help audiences understand the issues, rather than relying on sensational communication and encouraging critical thinking and reflection, rather than emotional manipulation.

The middle road cinema, also known as mid-budget cinema, has the potential to strike a balance between social consciousness and production cost. By focusing on impactful storytelling and socially relevant themes, mid-budget films can create awareness and inspire change without breaking the bank. With lower production costs, mid-budget films can be more financially sustainable, allowing filmmakers to experiment with innovative storytelling, especially in the world of digital technology. Hence, these mid-budget films often offer more creative freedom, enabling filmmakers to take risks and push boundaries.

The mid-budget digital cinema can focus on impactful storytelling and socially relevant themes, leverage cost-effective production techniques, utilize OTT platforms for wider reach and distribution and encourage collaborations and partnerships for resource sharing. By embracing the wide possibilities of marketing, filmmakers can create socially conscious films that inspire change without compromising on production quality or budget.

The paradox of parallel cinema lies in its noble intentions versus its limited reach. On one hand, parallel cinema aims to showcase realistic storytelling,

deep introspection, and strong character development, often tackling complex social issues like poverty, caste discrimination, and gender inequality. But this very focus on realism and social commentary has led to a disconnect with mainstream audiences, who often prefer escapist entertainment.

The parallel cinema's emphasis on artistic expression and social commentary can make it inaccessible to a general audience.

Parallel cinema's intellectual approach can struggle to evoke emotional connections with average audiences because of its cultural and intellectual standards. Despite these contradictions, parallel cinema continues to inspire and influence mainstream filmmaking, encouraging more nuanced storytelling and social commentary.

The possibilities of contradictions in mass communication surface in parallel cinema in its various aspects. The intended message may be interpreted differently by the audience, leading to miscommunication.

The verbal communication can be contradicted by non-verbal cues, causing confusion. Too much information can lead to a lack of understanding, while too little can lead to disinterest.

Technological advance has connected people globally but also led to increased social isolation. These contradictions highlight the complexities of communication, emphasising the need for clarity, empathy, and adaptability in our interactions with and understanding of the medium of cinema.



# ടിൻ ഡ്രം (തകരച്ചെണ്ട)



ഡോ. പി. അജികുമാർ
(ഫിൽക്ക)




നോബൽ സമ്മാന ജേതാവ് ഗുന്തർ ഗ്രാസ് 1959 ൽ രചിച്ച നോവലാണ് ടിൻ ഡ്രം.

ആക്ഷേപഹാസ്യം, അസംബന്ധം, മാജിക്കൽ റിയലിസം തുടങ്ങിയ സങ്കേതങ്ങൾ ഗുന്തർ ഗ്രാസ് നോവലിൽ ഉപയോഗിച്ചിരിക്കുന്നു . ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം പുതുതായി രൂപപ്പെട്ട ജർമ്മൻജനതയുടെ വംശീയ – ദേശീയതയും ജർമ്മൻ നാഷണൽ സോഷ്യലിസ്റ്റ് പാർട്ടിയുടെ (നാസി) ജനകീയ സേനയും ബ്രിട്ടിഷ് സാമ്രാജ്യവുമായുള്ള സംഘർഷവും രണ്ടാം ലോകമഹായുദ്ധവും പശ്ചാത്തലമായി വരുന്ന പ്രമേയത്തിൽ സാമൂഹിക സാഹചര്യം മാത്രമല്ല കുടുംബ സാഹചര്യവും പ്രതീകഭംഗിയോടെ അവതരിപ്പിക്കുന്നു .

ഒന്നാം ലോകയുദ്ധത്തിനു ശേഷം ജർമ്മനിയിൽ നിന്നും സ്വതന്ത്രമായ പോളിലെ ഡാൻസിഗിനെ കേന്ദ്രീകരിച്ചാണ് ഈ കഥ വിടരുന്നത് . ഇതിലെ നായകനായ ഓസ്കർ മറ്റ്സെറാത്ത് ഒരുമാനസിക രോഗാശുപത്രി യിൽ വെച്ച് തന്റെ കഥ പറയുന്നു. കാവൽക്കാരൻ ബ്രൂണോ മൺസ്റ്റൻ ബർഗ് നൽകുന്ന കടലാസ് കെട്ടിൽ അയാൾ തന്റെ കുടുംബ ചരിത്രം രേഖപ്പെടുത്തുന്നു. ഒന്നാം ലോകയുദ്ധാനന്തര അനുഭവങ്ങളെ കേന്ദ്രീകരിച്ച് തന്റെ മൂന്നാം വയസ്സിൽ വളർച്ച നിലച്ച ജീവിതത്തെ കുറിച്ചാണ് ഓസ്കർ പറയുന്നത്.

ഓസ്കറിന്റെ മാതാവായ ആഗ്നസ്സിന്റെ പിതാവ് ഒന്നാം ലോകമഹായുദ്ധത്തിനു മുൻപ് ജർമ്മൻ പടയാളികളിൽ നിന്ന് രക്ഷപെട്ട് ഓടിയെത്തുന്നത് ആഗ്നസിന്റെ മാതാവിന്റെ അടുത്താണ് (ഓസ്കറിന്റെ മുത്തശ്ശി). അവരപ്പോൾ വിശാലമായ, വിജനമായ ചതുപ്പ് വയലിൽ ഉരുളക്കിഴങ്ങ് ചുട്ടുതിന്നുകയായിരുന്നു. സിനിമ ആരംഭിക്കുന്നത് ഈ രംഗത്തിൽ നിന്നാണ് .



പോളണ്ടുകാരനെ ധാരാളം മടക്കുകളുള്ള പാവാടയ്ക്കുള്ളിൽ ഒളിപ്പിച്ച് സൈനികരിൽ നിന്നും രക്ഷപ്പെടുത്തുന്നു. പിന്നീട് അവർ ഒന്നിച്ചു ജീവിക്കുകയും ഓസ്കറിന്റെ മാതാവ് ആഗ്നസ് ജനിക്കുകയും ചെയ്യുന്നു. ആഗ്നസിന്റെ ബാല്യത്തിൽ പോളണ്ടു കാരനെ തേടി ഫയറിംഗ് സ്ക്വാഡ് എത്തുമ്പോൾ അയാൾ ഓടി നദിയിൽ മുങ്ങിമറയുന്നു. പിന്നീട് അയാളെ ആരും കാണുന്നില്ല. പക്ഷെ ഓസ്കർ പറയുന്നത് തന്റെ മുത്തച്ഛൻ അമേരിക്കയിൽ ഒരു കോടീശ്വരനായി ജീവിക്കുന്നുണ്ടെന്നാണ്...

മുത്തശ്ശിയുടെ സഹോദരപുത്രൻ ജാൻ ബ്രോൺസ്കി അവിടെ സ്ഥിരതാമസ മാക്കുന്നു. നേഴ്സായി ജോലിനോക്കുന്ന ആഗ്നസ് കസിൻ ജാനുമായും ഒന്നാം ലോകയുദ്ധകാലത്ത് പരിക്കേറ്റ പട്ടാളക്കാര നായ ആൽഫ്രഡ് മറ്റ്സെറാത്തുമായും പ്രണയത്തിലാകുന്നു. അവൾ ആൽഫ്ര ഡിനെ വിവാഹം കഴിക്കുന്നു. എങ്കിലും ജാനും ആഗ്നസും തമ്മിലുള്ള ശാരീരിക ബന്ധം തുടർന്നു പോന്നു. മറ്റ്സെറാത്ത് അല്ല, ജാൻ ആണ് തന്റെ പിതാവെന്ന് ഓസ്കർ ആവർത്തിച്ചു പറയുന്നുമുണ്ട് .

ജാൻ താമസിയാതെ കഷൂബിയൻ പെൺകുട്ടിയായ ഹെഡ്വിഗിനെ വിവാഹം കഴിച്ചു. പോളിഷ് പോസ്റ്റോഫീ സിൽ സേവനമനുഷ്ഠിക്കുകയും പോളിഷ് പൗരത്വം നേടുകയും ചെയ്തു. അതേസമയം മറ്റ്സെറാത്ത് വ്യാപാരത്തിൽ ഏർപ്പെട്ടു. അവിടം വിട്ടുപോയ ഒരു ജൂതകുടുംബത്തിന്റെ കെട്ടിടം കയ്യടക്കിയ മറ്റ്സെറാത്ത് നാസി പാർട്ടിയിൽ പ്രവർത്തിക്കുന്നുമുണ്ട്. നാസി പട്ടാള യൂണിഫോമിൽ നടക്കുന്ന അയാളെ ആഗ്നസും ഓസ്കറും സംശയത്തോടെ യാണ് വീക്ഷിക്കുന്നത്. അയാളുടെ നാസി രാഷ്ട്രീയം അവർക്ക് അസഹ്യമായിരുന്നു.

കാരണം അവർ ജർമ്മൻ - പോളിഷ് മിശ്ര വംശജരാണ് .

മാതാപിതാക്കൾ ഓസ്കറിന് കളിപ്പാട്ടമായി സമ്മാനിച്ച തകരച്ചെണ്ട അവന്റെ ആവിഷ് കാര മാധ്യമമാണ് . അതുമായി വേർ പിരിയാത്ത ഒരു ബാലനാണ് ഓസ്കർ. അവൻ ചുറ്റും കാണുന്നതെല്ലാം അതിനോട് വിവരിക്കുന്നുണ്ട് . ആര്യവംശ ജർമ്മൻ രക്തശുദ്ധി ദേശീയത ലക്ഷ്യമാക്കിയ ജർമ്മൻ രാഷ്ട്രീയം ഓസ്കറിനെ അലോ സരപ്പെടുത്തുന്നുണ്ട് . അപ്പോഴൊക്കെ അവൻ തകരച്ചെണ്ട കൊട്ടുന്നു ...

ഓസ്കറിന്റെ മൂന്നാം പിറന്നാൾ ദിനത്തിൽ ഇനി വളരേണ്ടെന്ന് അവൻ ആഗ്രഹിക്കുന്നു . അതിനു കാരണം നാസി ഭരണത്തിൻ കീഴിലുള്ള ജീവിതത്തിന്റെ അസഹ്യതയും ആഘാതവുമാണ്. കൂടാതെ തന്റെ മാതാവ് ആഗ്നസ് തന്റെ ബന്ധു ജാനുമായുള്ള ശാരീരിക ബന്ധവുമാണ്. വീട്ടിലെ നിലവറയിലേക്ക് അവൻ ചാടിവീഴുന്നു . ബോധം നശിച്ച ഓസ്കറിനെ വീട്ടുകാർ ചികിത്സിക്കുന്നു . അവൻ ആഗ്രഹിച്ചത് പോലെ ശാരീരിക വളർച്ച നിലച്ചു . മാത്രമല്ല ചില അമാനുഷിക കഴിവുകളും സിദ്ധിച്ചു .



തന്റെ കാറിക്കൂവലിന് ഗ്ലാസ്സ് തകർക്കാൻ കഴിയുമെന്ന് ഓസ്കർ കണ്ടെത്തുന്നു. മൂന്നുവയസ്സുള്ളപ്പോൾ പിതാവ് മറ്റ്സെറാത്ത് തകരച്ചെണ്ട പിടിച്ചുവാങ്ങാൻ ശ്രമിച്ചപ്പോൾ ഓസ്കറിന്റെ നിലവിളി ഫ്ളോർ ക്ലോക്കിന്റെ ഗ്ലാസ്സ് തകർത്തു.

തകരച്ചെണ്ടയിൽ ആദ്യാവസാനം ഓസ്കർ ഒരു കുട്ടിയാണ്.എല്ലാവരെയും പോലെ പ്രായമാകുന്നുണ്ടെങ്കിലും ശാരീരികമായി വളരാൻ ആഗ്രഹിക്കുന്നില്ല. കളിപ്പാട്ടമായ തകരച്ചെണ്ട കൊട്ടിയാണ് കുടുംബത്തെയും രാഷ്ട്രീയത്തെയും നേരിടുന്നത്. ഈ തകരച്ചെണ്ട വെറും മാനസികാശ്വാസത്തിനു മാത്രമുള്ളതല്ല. ഇതുപയോഗിച്ച് മറ്റുള്ളവരെ നിയന്ത്രിക്കാനും അവനു കഴിയുന്നുണ്ട് .

ഓസ്കർ തന്റെ ജീവിതത്തിൽ സംഭവിച്ച കാര്യങ്ങൾ ഓർക്കുകയും ഭാവി പ്രവചിക്കുകയും ചെയ്യുന്നുണ്ട്. കഥയെ കൂടുതൽ സങ്കീർണ്ണമാക്കുന്നത് അയാൾ മാനസികമായും ഭയാനകമായ ചിന്തകളിലും വളരുന്നതും എന്നാൽ ശാരീരികമായി ഒരു കുട്ടിയെപ്പോലെ വളർച്ച മുരടിച്ചു നിൽക്കുന്നതുമാണ്. ഈ വൈരുധ്യം അക്കാലത്തെ രാഷ്ട്രീയ സാഹചര്യത്തിന്റെ രൂപകമാണ് .





അസാധാരണമായി വികസിതമായ ഒരു മനസ്സോടെയാണ് ഓസ്കർ ജനിച്ചത്. തന്റെ ജനനത്തെക്കുറിച്ച് സൂക്ഷ്മമായ ഓർമ്മകൾ അയാൾക്ക് ലഭിച്ചിരുന്നു. ഒരിക്കൽ വിളക്കിനു ചുറ്റും ശലഭങ്ങൾ വന്നു മുട്ടുന്നത് കണ്ട കുഞ്ഞ് ഓസ്കറിന് അത് തകരച്ചെണ്ട വായിക്കുന്നതായി തോന്നിയിട്ടുണ്ട്. ഒരു പച്ചക്കറി വ്യാപാരിയായി എന്നും 'കടവാങ്ങി ജീവിക്കും ' എന്ന് ഓസ്കറിന്റെ ഭാവിയെപ്പറ്റി ആൽഫ്രഡ് മറ്റ്സെറാത്ത് പരിഹസിക്കുമ്പോൾ അവൻ അസ്വസ്ഥനായിരുന്നു.ഗർഭപാത്രത്തിലേക്ക് മടങ്ങാൻ അവൻ ആഗ്രഹിച്ചു. എന്നാൽ അമ്മയിൽ നിന്നുള്ള ടിൻ ഡ്രം വാഗ്ദാനമാണ് അവനെ സന്തോഷിപ്പിച്ചത് .

പുറം ലോകത്തിന് ഓസ്കർ ഒരു കുട്ടിയാണ്. അവൻ എല്ലായിടത്തും തകരച്ചെണ്ട കൂടെ കൊണ്ടുപോവുകയും നിരന്തരം കൊട്ടുകയും ചെയ്യുന്നു. അതിലൂടെ തന്റെ ഓർമ്മകൾ ആശയവിനിമയം ചെയ്യാനും ഉപയോഗിക്കുന്നു.

നാസികൾ ജർമ്മനിയിൽ അധികാരം പിടിച്ചെടുക്കുന്നു. അവർ പോളണ്ട് ആക്രമിച്ച് , ഓസ്കറും കുടുംബവും താമസിച്ച സ്വതന്ത്ര നഗരമായ സാൻഡിഗ് കീഴടക്കുന്നു. ജൂതരുടെ കടകൾ നശിപ്പിക്കൽ, ജൂതൻമാർക്കെതിരെയുള്ള അക്രമങ്ങൾ തുടങ്ങിയവയ്ക്ക് ഓസ്കർ സാക്ഷിയാകുന്നു. കൊട്ടിപ്പൊട്ടുന്ന

തകരച്ചെണ്ട പതിവായി മാറ്റിവാങ്ങുന്നതിലാണ് അവൻ കൂടുതൽ ശ്രദ്ധിച്ചത്. നാലാം പിറന്നാളിന് തകരച്ചെണ്ട മാറ്റി മറ്റൊരു കളിപ്പാട്ടം വാങ്ങാൻ ശ്രമിച്ചപ്പോൾ കാറിക്കൂവി തൂക്കുവിളക്കിലെ ലൈറ്റുകൾ തകർത്തു. സ്കൂളിൽ ചേർത്തപ്പോൾ അദ്ധ്യാപികയെ ഇഷ്ടപ്പെട്ടെങ്കിലും തകരച്ചെണ്ട അലമാരയിൽ വയ്ക്കാൻ ശ്രമിച്ചപ്പോൾ അവരുടെ കണ്ണട പൊട്ടിച്ചു ...

പഠനം നിർത്തിയ ഓസ്കറിനെ അമ്മയുടെ സുഹൃത്ത് ഗ്രെറ്റ്ചൻ ഷെഫ്ളർ എഴുത്തും വായനയും പഠിപ്പിക്കുന്നു. ഗെയ്ഥേയുടെ ഇലക്ടീവ് അഫിനിറ്റീ വും റാസ്പുടിൻ ആൻഡ് വുമൺ എന്ന ബൃഹദ് കൃതിയും വായിച്ചു കേൾപ്പിക്കുന്നു. മുതിർന്നവരിൽ നിന്ന് തന്റെ അറിവുകളും കഴിവുകളും മറച്ചു വയ്ക്കാൻ ഓസ്കർ നിർബന്ധിതനായി . അതവന് വളരെ ബുദ്ധിമുട്ടും അപമാനവുമായിരുന്നു .

ആദ്യം ഓസ്കറിന്റെ ലോകം മുറ്റത്തിന്റെ നാലതിരുകൾ മാത്രമായിരുന്നു. ദീർഘനേരം നടക്കാൻ ഇഷ്ടപ്പെട്ട അവനെ കുട്ടികൾ പിടിച്ചുവെച്ച് ചതച്ച ഇഷ്ടിക , ജീവനുള്ള തവളകൾ, മൂത്രം, എന്നിവ കൊണ്ടുള്ള സൂപ്പ് കുടിപ്പിക്കുന്നുണ്ട് . അമ്മ അവനെ മർക്കസിന്റെ കളിപ്പാട്ടക്കടയിൽ ക്കൊണ്ടുപോയി പുതിയ തകരച്ചെണ്ട വാങ്ങി നൽകുന്നു. തന്നോടൊപ്പം ലനിലേക്ക് പോരാൻ ആഗ്നസിനെ മർക്കസ് നിർബന്ധിക്കുന്നു. എന്നാൽ അവർ തയ്യാറാ കുന്നില്ല. നാസികളുടെ വരാനിരിക്കുന്ന ശക്തിയെ സൂചിപ്പിക്കുന്ന മർക്കസ് ഒരു കലാപത്തിനിടെ അതിൽപ്പെട്ടു പോകാതിരിക്കാൻ ആത്മഹത്യ ചെയ്യുന്നു.

ഒരിക്കൽ ചീഞ്ഞഴുകിയ കുതിരത്തല കൊണ്ട് ഈൽ മത്സ്യങ്ങൾ പിടിക്കുന്നത് കണ്ട ഓസ്കർ അത്ഭുതപ്പെടുന്നു. ആ കാഴ്ച കണ്ട അവന്റെ അമ്മ ആഗ്നസ്, ആദ്യം അറച്ചു നിന്നെങ്കിലും മറ്റ്സെറാത്ത് നിർബന്ധിക്കുന്നു . അയാൾ അത് ആവേശത്തോടെ കഴിക്കുന്നുണ്ട്. ഒടുവിൽ ആഗ്നസ് വാശിയോടെ അമിത അളവിൽ മീൻ കഴിക്കാൻ തുടങ്ങുന്നു. ഒടുവിൽ മത്സ്യ വിഷബാധയേറ്റ് അവൾ മരിക്കുന്നു.

ആൽഫ്രഡ് മറ്റ്സെറാത്ത് നാസി പാർട്ടിയിൽ സജീവമായി . പോസ്റ്റോഫിസിൽ ജോലി ചെയ്ത് തന്റെ പോളിഷ് ഐഡന്റിറ്റി ഉറപ്പിക്കുന്ന ജാൻ, ജർമ്മൻ പട്ടാളക്കാർ പോസ്റ്റോഫീസ് ആക്രമിക്കുമ്പോൾ തന്റെ സഹപ്രവർത്തകരെ സംരക്ഷിക്കാൻ കിണഞ്ഞു ശ്രമിക്കുന്നുണ്ട് . തുടർന്ന് പട്ടാളക്കാർ ജാനെ കൊണ്ടുപോയി വധിക്കുന്നു.



October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-V
KSFDC

ആൽഫ്രഡ് മറ്റ്സെറാത്ത് 'മരിയ' എന്ന പെൺകുട്ടിയെ തന്റെ കടയിൽ ജോലിക്കു നിർത്തുന്നു. ഓസ്കർ മരിയയുമായി പ്രണയത്തിലാകുന്നു. തന്റെ വളർന്നു വരുന്ന ലൈംഗികതയെക്കുറിച്ച് ബോധവാനാവുന്നു . താൻ അവളെ ഗർഭം ധരിപ്പിച്ചുവെന്ന് അവൻ സ്വയം ബോധ്യപ്പെടുന്നു . അവൾ പിന്നീട് ആൽഫ്രഡിന്റെ ഭാര്യയായി . 'കുർട്ടി' ന് ജന്മം നൽകി . എന്നാൽ കുർട്ട് തന്റെ മകനാണെന്ന് ഓസ്കർ വിശ്വസിക്കുന്നു .

തന്റെ സുഹൃത്ത് ' കുള്ളൻ ബെബർ' നടത്തുന്ന സർക്കസ് ട്രൂപ്പിൽ ജോലി ചെയ്യാൻ ഓസ്കർ നാടുവിടുന്നു. മുൻ നിരയിലുള്ള സൈനികർക്കായി ഈ സംഘം പ്രകടനം നടത്തുന്നു. നോർമാണ്ടിയിൽ ഒരു ജർമ്മൻ പട്ടാള ക്കാരൻ ജീവകാരുണ്യ പ്രവർത്തകരായ കന്യാസ്ത്രീകളെ വധിക്കുന്നത് കണ്ട ഓസ്കർ സാൻഡിഗിലേക്ക് മടങ്ങുന്നു. ഡസ്റ്റേർസ് എന്ന് പേരുള്ള കുട്ടികളുടെ ഒരു സംഘത്തിന്റെ നേതാവായി ഓസ്കർ മാറുന്നു.അവർ ഒരു പള്ളിയിലെ പ്രതിമ വികൃതമാക്കുമ്പോൾ പിടിക്കപ്പെടുന്നു. രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചു . കൂട്ടക്കൊലകൾ ... ബോംബുവർഷത്തിൽ തകരുന്ന നഗരം...നാസി ജർമ്മനിയുടെ ചരിത്രപരമായ ആഘാതങ്ങൾ ... ജർമ്മൻ സ്വത്വത്തിന്റെ ഉദയം ... ഭരണകൂട കുറ്റകൃത്യങ്ങളിൽ സാധാരണ ജർമ്മൻ കാരുടെ പങ്കാളിത്തം.... സമൂഹത്തിലെ മാറ്റങ്ങൾ തകരച്ചെണ്ട എന്ന നോവലിൽ നിരീക്ഷണ വിധേയമാക്കുന്നു. സർവ്വോപരി മനുഷ്യ മനസ്സിലെ പൈശാചികതയുടെ ഭ്രാന്തും ദുരിതവും തുറന്നു കാണിക്കുന്നു. ജൂത ക്രിസ്ത്യൻ മതപരമായ പരാമർശ ങ്ങൾ കൃതിയിൽ കാണാം. യേശുവിന്റെ യും സാത്താന്റെയും പരാമർശവുമുണ്ട്. അതുകൊണ്ടു തന്നെ തുടക്കത്തിൽ ദൈവ നിന്ദയെന്നും അശ്ലീലമെന്നും ഈ കൃതിയെ വിളിച്ചു. എന്നാൽ പിന്നീട് ജർമ്മനിയിൽ മാത്രമല്ല ലോക മെമ്പാടും രണ്ടാം ലോക യുദ്ധാനന്തരകാല സാഹിത്യത്തിലെ ഒരു ക്ലാസ്സിക്കായി 'തകരച്ചെണ്ട' അംഗീകരി ക്കപ്പെട്ടു.

രണ്ടാം ലോകമഹായുദ്ധത്തിൽ നാസി പരാജയപ്പെട്ടു . അമേരിക്കൻ സൈന്യം അവശിഷ്ടങ്ങൾക്കിടയിൽ നാസികളെ തിരയുകയാണ്. ആൽഫ്രെഡ് മറ്റ്സെറാത്തും മരിയയും കുഞ്ഞും ഓസ്കറും ഒളിച്ചുപാർക്കുന്ന നിലവറ യിൽ വെച്ച് അമേരിക്കൻ സൈന്യം ആൽഫ്രെഡ് മറ്റ്സെറാത്തിനെ വെടിവെച്ചു കൊല്ലുന്നു . അയാളുടെ ശവസംസ്കാര ചടങ്ങിൽ നാസി ഭീകരവാഴ്ചയെ അതി ജീവിച്ചവർ ഒത്തുകൂടുന്നു . അതിനിടെ ഒരു കുട്ടി എറിയുന്ന കല്ല് ഓസ്കറിന്റെ തലയ്ക്ക് കൊള്ളുകയും അവൻ ശവക്കുഴി യിൽ വീഴുകയും ശവപ്പെട്ടിയിൽ തലയി ടിച്ച് അബോധത്തിലാവുകയും ചെയ്യുന്നു. അതോടെ ഓസ്കർ വീണ്ടും വളരാൻ തുടങ്ങുകയായി ...

വിശ്വപ്രസിദ്ധ ജർമ്മൻ സംവിധായകൻ വോൾകർ ഷ്ലോൻഡ്രോഫ് ആണ് നോബൽ പ്രൈസ് ജേതാവ് ഗുന്തർ ഗ്രാസിനൊപ്പം തിരക്കഥ രചിച്ച് തകരച്ചെണ്ട ചലച്ചിത്രമാക്കിയത്.ലോകത്തിലെ ശ്രദ്ധേയ ചലച്ചിത്രമേളകളിൽ ഈ സിനിമ പ്രദർശിപ്പിച്ചു . ആധുനിക ലോകത്തെ ഇളക്കിമറിച്ച ഒരു കാലഘട്ടത്തിന്റെ അവസ്ഥയും മനുഷ്യജീവിതവും സങ്കീർണതകളും ദുരന്തങ്ങളും ചിന്തകളും തകരച്ചെയിൽ ആവിഷ്കരിച്ചിരിക്കുന്നു .

# ഗുന്തർ ഗ്രാസ് :

## നോബൽ പ്രൈസ് നേടിയ ജർമ്മൻ സാഹിത്യകാരൻ



ഹക്കീം പാലച്ചിറ
( ഫിൽക്ക )




ഗുന്തർ ഗ്രാസ് ഒരു ജർമ്മൻ കവിയും നോവലിസ്റ്റും നാടകകൃത്തും ശിൽപിയും പ്രിന്ററുമായിരുന്നു . 1959-ൽ പുറത്തിറങ്ങിയ അസാധാരണ നോവ ലാണ് 'ടിൻ ഡ്രം' ( തകരച്ചെണ്ട ). നാസി കാലഘട്ടത്തെയും രണ്ടാം ലോക മഹായുദ്ധത്തെയും അതിജീവിച്ച ജർമ്മൻ തലമുറയുടെ സാഹിത്യ വക്താവായി അദ്ദേഹം മാറി. 1999-ൽ അദ്ദേഹത്തിന് സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു. (ജനനം - ഒക്ടോബർ 16, 1927, ഡാൻസിഗ് , പോളണ്ട് . മരണം- ഏപ്രിൽ 13, 2015, ലുബെക്ക്, ജർമ്മനി.)

തന്റെ ജന്മനാടായ ഡാൻസിഗിൽ, ഗുന്തർ ഗ്രാസ്, ഹിറ്റ്ലറുടെ ജർമ്മൻ ദേശീയ സോഷ്യലിസ്റ്റ് യൂത്ത് പ്രസ്ഥാനത്തിൽ പങ്കെടുത്തു . 2006-ൽ അദ്ദേഹം വെളിപ്പെടു ത്തിയതുപോലെ, 17-ാം വയസ്സിൽ, സന്നദ്ധസേവനം നിഷേധിക്കപ്പെട്ടതിന് രണ്ട് വർഷത്തിന് ശേഷം, നാസി സൈന്യത്തിൽ മുങ്ങിക്കപ്പൽ സേവനത്തിന് അദ്ദേഹം വാഫെൻ-എസ്.എസിൽ (നാസി പാർട്ടിയുടെ എലൈറ്റ് മിലിട്ടറി വിഭാഗം) പ്രവർത്തിച്ചു . യുദ്ധത്തിൽ പരിക്കേറ്റ അദ്ദേഹം 1945-ൽ യുദ്ധത്തടവുകാര നായി.പിന്നീട്, ഡസൽഡോർഫിൽ കലാ വിദ്യാർത്ഥിയായിരിക്കെ, കരിഞ്ച ന്തയിലെ ഡീലർ, ശവക്കുഴി വെട്ടുന്ന യാൾ, ജാസ് ബാൻഡിലെ ഡ്രമ്മർ എന്നീ നിലകളിൽ അദ്ദേഹം പണിയെടുത്തു. എഴുത്തുകാരുടെ സംഘടനയായ ഗ്രുപ്പെ 47 ൽ കവിതകളും നാടകങ്ങളും രചിച്ചു. 1956-ൽ ഗുന്തർ ഗ്രാസ് പാരീസിലേക്ക് പോയി .

' ടിൻ ഡ്രം'എന്ന നോവൽ, നായകനായ ഓസ്കർ മറ്റ്സെറാത്തിന്റെ ജീവിതത്തിലൂടെ കുറ്റബോധം, അമർഷം, സ്വത്വം, ചരിത്രം എന്നി വയുടെ പ്രമേയങ്ങൾ അനാവരണം ചെയ്യുന്നു. 1923-ൽ ഡാൻസിഗിൽ ജനിച്ച ഓസ്കർ, വളർച്ച നിർത്താൻ തീരുമാനി ച്ചതിന് ശേഷം , മൂന്ന് വയസ്സുള്ള ഒരു കുട്ടിയുടെ ശരീരത്തിൽ കുടുങ്ങിപ്പോയ ഒരു മുതിർന്ന മനസ്സിന്റെ ഉടമയാണ് . വ്യത്യസ്ത ശൈലികളിൽ എഴുതി യ ഈ ആവേശഭരിതമായ നോവൽ, ഗുന്തർ ഗ്രാസ്സിന്റെ വ്യക്തിപരമായ അനുഭവങ്ങൾ തന്നെയാണ് . ഡാൻസിഗിന്റെ പോളിഷ്-ജർമ്മൻ ദ്വന്ദ്വവാദം, ശരാശരി കുടുംബങ്ങളുടെ നാസി സ്വാധീനം , യുദ്ധവർഷങ്ങൾ, നാസി പതനം, റഷ്യക്കാരുടെ വരവ്, പശ്ചിമ ജർമ്മനിയുടെ യുദ്ധാനന്തര സാമ്പത്തിക അനശ്ചിതത്വം എന്നിവ ഭാവനാത്മകമായി പ്രതീകവൽക്കരിക്കുകയും അതിശയോക്തി പരമാക്കുകയും ചെയ്യുന്നു. അരാജകത്വ ഫാന്റസിയ്ക്ക് പിന്നിൽ ഗുന്തർ ഗ്രാസിന് തലമുറയുടെ മനസ്സാക്ഷി എന്ന വിശേഷണം നേടിക്കൊടുത്ത ധാർമ്മിക ആത്മാർത്ഥ തയുണ്ട്.

1979-ൽ, അപ്പോക്കലിപ്സ് നൗവുമായി പങ്കുവെച്ച് , കാൻ ചലച്ചിത്രമേളയിൽ പാം ഡി'ഓർ നേടിയതും മികച്ച വിദേശ ഭാഷാ ചിത്രത്തിനുള്ള ഓസ്കാർ ലഭിച്ച തുമായ ഒരു ചിത്രമാണ് 'ടിൻ ഡ്രം ' .ടിൻ ഡ്രമ്മിന് ശേഷം 1961-ൽ ക്യാറ്റ് ആൻഡ് മൗസും 1963-ൽ ഡോഗ് ഇയേഴ്സ് എന്ന ഇതിഹാസ നോവലും പുറത്തിറങ്ങി. ഇവ 'ഡാൻസിഗ് ട്രിലജി' എന്നറിയപ്പെട്ടു. വിയറ്റ്നാം യുദ്ധത്തിനെതിരായ പ്രതിഷേധമായ 1969 ലെ ലോക്കൽ അനസ്തെറ്റിക്, 1977 ലെ ദി ഫ്ലൗർ എന്നിവ രാഷ്ട്രീയ പ്രസക്തമായ മറ്റ് നോവലുകളാണ്. ശിലായുഗം മുതൽ ഇന്നുവരെയുള്ള ലിംഗഭേദങ്ങൾ തമ്മിലുള്ള സംഘർഷം




പ്രതിപാദിക്കുന്ന ടെൽഗെറ്റിലെ മീറ്റിംഗ് (1979), മുപ്പത് വർഷത്തെ യുദ്ധത്തിന്റെ അവസാനത്തിൽ എഴുത്തുകാരുടെ ഒരു സാങ്കൽപ്പിക ഗ്രൂപ്പ് യോഗം , ജനസംഖ്യാ വിസ്ഫോടനത്തിന്റെയും ആണവയുദ്ധ ഭീഷണിയുടെയും പശ്ചാത്തലത്തിൽ ഒരു കുട്ടി ജനിക്കണോ വേണ്ടയോ എന്നതിനെക്കുറിച്ചുള്ള ഒരു യുവ ദമ്പതികളുടെ വേദനയെ വിവരിക്കുന്ന 'ദി ജർമ്മൻ ആർ ഡൈയിംഗ് ഔട്ട്' ( 1980 ), 1986ൽ 'ദി റാറ്റ്', (ആണവ ഹോളോകോസ്റ്റിനെയും പരിസ്ഥിതി ദുരന്തത്തെയും കുറിച്ചുള്ള ഗ്രാസിന്റെ ഭയം പ്രകടിപ്പിക്കുന്ന മനുഷ്യ വംശത്തിന്റെ അവസാനത്തെക്കുറിച്ചുള്ള ഒരു ദർശനം ), 1992ൽ 'ദി കോൾ ഓഫ് ദി ടോഡ്', (പോളും ജർമ്മനിയും തമ്മിലുള്ള അസ്വസ്ഥമായ ബന്ധത്തെക്കുറിച്ചുള്ളത് ) എന്നിവ രചിച്ചു .

1995-ൽ ഗ്രാസ്, 1990-ലെ ജർമ്മനിയുടെ പുനരേകീകരണത്തെ പ്രതിനിധാനം ചെയ്യുന്ന 'ടൂ ഫാർ അഫീൽഡ്' എന്ന നോവൽ പ്രസിദ്ധീകരിച്ചു. ജർമ്മൻ വിമർശകർ ഈ കൃതിയെ ശക്തമായി വിമർശിച്ചു. പുനരേകീകരണത്തെ 'തെറ്റായി വ്യാഖ്യാനിച്ചതും' 'വായിക്കാൻ കഴിയാത്തതും' എന്ന് അവർ അപലപിച്ചു. ഇടതുപക്ഷ രാഷ്ട്രീയം 1999-ൽ പുറത്തിറങ്ങിയ 'മൈ സെഞ്ചുറി' എന്ന കൃതി, അദ്ദേഹത്തിന്റെ മുൻകാല കൃതികളിൽ നിന്ന് വ്യത്യസ്തമായി , രാഷ്ട്രീയ ഇടപെടലുകൾ ഇല്ലാതെ, ഓരോ വർഷത്തേയും കഥകൾ ഉപയോഗിച്ച് ഇരുപതാം നൂറ്റാണ്ടിലെ സംഭവങ്ങളെ വിവരിക്കുന്നു. ഇതിൽ ഓരോന്നിനും വ്യത്യസ്ത ആഖ്യാതാവുണ്ട്.


സാമൂഹികവും സാഹിത്യപരവുമായ കാര്യങ്ങൾക്കായി പോരാടുന്ന, പശ്ചിമ ബെർലിനിലെ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി രാഷ്ട്രീയത്തിൽ ഗുന്തർ ഗ്രാസ് ദീർഘകാലം പങ്കാളിയായിരുന്നു. 1999-ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ചപ്പോൾ, അദ്ദേഹത്തിന്റെ ശക്തവും ചിലപ്പോൾ ജനപ്രീതിയില്ലാത്തതുമായ രാഷ്ട്രീയ വിശ്വാസങ്ങൾ അദ്ദേഹത്തിന് സമ്മാനം ലഭിക്കുന്നതിൽ നിന്ന് തടഞ്ഞു വെന്ന് വിശ്വസിച്ച പലരും ഉണ്ടായിരുന്നു. 2006-ൽ തന്റെ ഓർമ്മക്കുറിപ്പായ 'പീലിംഗ് ദി ഒനിയൻ' പ്രസിദ്ധീകരിക്കുന്നതിന് തൊട്ടു മുമ്പ് വാഫെൻ-എസ്എസിലെ തന്റെ അംഗത്വത്തെക്കുറിച്ച് ഗുന്തർ ഗ്രാസ്

വെളിപ്പെടുത്തിയത് വ്യാപകമായ വിവാദ ത്തിന് കാരണമായി. ചിലർ അത് അദ്ദേഹ ത്തിന്റെ ധാർമ്മികതയെ ദുർബലപ്പെടു ത്തുന്നുവെന്ന് വാദിച്ചു.

ബെർലിൻ മതിലിന്റെ പതനത്തിനും പുനരേകീകരണത്തിനും ഇടയിലുള്ള കാലഘട്ടത്തിൽ കിഴക്കും പടിഞ്ഞാറു മായി ജർമ്മനിയിൽ അദ്ദേഹം അനുഭവിച്ച അനുഭവങ്ങളുടെ ഒരു ഡയറിയായിരുന്നു 2008-ലെ ദി ബോക്സ് എന്ന ആത്മകഥ. 2010- ൽ എ ഡിക്ലറേഷൻ ഓഫ് ലവ് എന്ന പേരിൽ രണ്ട് വാല്യങ്ങൾ കൂടി എഴുതി. അതിൽ രാമത്തേത് ഗുന്തർ ഗ്രാസിന്റെ രാഷ്ട്രീയ ഭൂതകാലത്തെ ഓർമ്മിപ്പിക്കുന്നു .

1970- കളുടെ തുടക്കത്തിൽ 'ടിൻ ഡ്രം' തുർക്കിഷ് ഭാഷയിലേക്ക് വിവർത്തനം ചെയ്തപ്പോൾ, പഴയകാല തുർക്കി സോഷ്യൽ- റിയലിസ്റ്റ് എഴുത്തുകാർ ഒരു രാഷ്ട്രീയ നോവൽ പരീക്ഷണാത്മകവും ജനപ്രിയവുമാകുമെന്ന് കണ്ട് അത്ഭുതപ്പെട്ടു വെന്ന് നോവലിസ്റ്റ് ഓർഹാൻ പാമുക്ക് ഓർക്കുന്നു :

കഥ എത്ര ക്രൂരവും പരുഷവും രാഷ്ട്രീയ വുമാണെങ്കിലും, എഴുത്തുകാരന്റെ കണ്ടുപിടുത്തത്തെ അടിസ്ഥാനമാക്കി കഥ പറയാൻ അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചു. 2005-ൽ സർക്കാർ എന്നെ സമ്മർദ്ദത്തിലാക്കി വിചാരണയ്ക്ക് അയച്ചപ്പോൾ, അദ്ദേഹം കരുതലുള്ളവനും എന്നെ പ്രതിരോധി ക്കുന്നതിൽ സജീവവുമായിരുന്നു. 2010 ഏപ്രിലിൽ, യൂറോപ്പിൽ ഒരു അഗ്നിപർവ്വത ചാരമേഘം ഉണ്ടായിരുന്നപ്പോൾ, അദ്ദേഹം ഇസ്താംബൂളിലായിരുന്നു. അദ്ദേഹം ആസൂത്രണം ചെയ്തതിലും കൂടുതൽ സമയം താമസിച്ചു. അങ്ങനെ എല്ലാ രാത്രി യിലും ഞങ്ങൾ റസ്റ്റോറന്റുകളിൽ പോയി മദ്യപിച്ച്, സംസാരിച്ചുകൊണ്ടിരുന്നു. 1950- കളിലെ ജർമ്മൻ സാഹിത്യത്തെ ക്കുറിച്ച് ഞാൻ അദ്ദേഹത്തോട് ചോദി ക്കാറുണ്ടായിരുന്നു. തുർക്കിയിലെ രാഷ്ട്രീയ സാഹചര്യത്തിന്റെ വിശദാംശങ്ങൾ അദ്ദേഹം എന്നോട് ചോദിക്കുമായിരുന്നു. അദ്ദേഹം ഒരു ചിത്രകാരൻ കൂടി ആയിരുന്നതി നാൽ, ഒരു സ്റ്റുഡിയോയും ഉണ്ടായിരു ന്നതുകൊണ്ട്, ചിത്രരചനയ്ക്കും എഴുത്തി നുമിടയിൽ സമയം പങ്കിടുന്നത് ഞാൻ ആസ്വദിച്ച മറ്റൊരു വിഷയമായിരുന്നു. 80 വയസ്സിനു മുകളിലുള്ളപ്പോഴും പൈപ്പ് പുകച്ച് രസിച്ച് എഴുത്തു തുടർന്ന അദ്ദേഹം ഉദാരമതിയും ജിജ്ഞാസുവുമായിരുന്നു . ഊഷ്മളമായ സൗഹൃദങ്ങൾ സൂക്ഷിച്ച ഒരു വ്യക്തിയുമായിരുന്നു .' ●



October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-V
KSFDC



# വോൾകർ ഷ്ലോൻഡോർഫ്: വിശ്വപ്രസിദ്ധ ജർമ്മൻ സംവിധായകൻ



പി.എസ്.ജ്യോതിഷ്കുമാർ
(ഫിൽക്ക)



ഗുന്തർ ഗ്രാസിന്റെ നോവലിനെ അടിസ്ഥാനമാക്കി വോൾക്കർ ഷ്ലോൻഡോർഫ് നിർമ്മിച്ച 'ദി ടിൻ ഡ്രം ' ( തകരച്ചെണ്ട ) 1979 ലെ കാൻ ഫിലിം ഫെസ്റ്റിവലിൽ 'ഗോൾഡൻ പാം' അവാർഡ് നേടി. ഓസ്കാർ അവാർഡും ലഭിച്ചു. ഈ ചിത്രം അദ്ദേഹത്തെ അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയനാക്കി . ദി 'ഹാൻഡ്മെയ്ഡ്സ് ടെയിൽ' (1990), , 'ഡെർ അൺഹോൾഡ്' (1996) , 'ലെജൻഡ് ഓഫ് റീത്ത' (2000) എന്നിവ വെനീസ് - ബെർലിൻ ഫിലിം ഫെസ്റ്റിവലുകളിൽ പുരസ്കാരങ്ങൾ നേടി.

സിറിൽ ഗെലിയുടെ നാടകത്തിൽ നിന്ന് സ്വീകരിച്ച ഫ്രാങ്കോ-ജർമ്മൻ ചരിത്ര നോവലായ ഡിപ്ലോമസി (2014) 2015 ലെ സീസാർസിൽ 'മികച്ച അഡാപ്റ്റേഷൻ' അവാർഡ് നേടി. 67-മത് ബെർലിൻ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ റിട്ടേൺ ടു മൊണ്ടോക്ക് (2017) തിരഞ്ഞെടുക്കപ്പെട്ടു. 2017-ൽ ഓസ്ട്രിയയിലെ റോമി ഗാലയിൽ അദ്ദേഹത്തിന്റെ ടിവി ചിത്രമായ 'ദി നെയിംലെസ് ഡേയ്ക്ക്' മികച്ച ടിവി സംവിധാനത്തിനുള്ള അവാർഡ് ലഭിച്ചു. 2019-ൽ, ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമ്മനിയുടെ ഓർഡർ ഓഫ് മെറിറ്റ് അദ്ദേഹത്തിനു ലഭിച്ചു. 2021-ലും 2022-ലും ആഫ്രിക്കയിലെ വനവൽക്കരണത്തെക്കുറിച്ച് ഐവിറ്റ്നസ് ടോക്ക്, ദി ഫോറസ്റ്റ്മേക്കർ എന്നീ രണ്ട് ഡോക്യുമെന്ററികൾ അദ്ദേഹം നിർമ്മിച്ചു.


സ്വിറ്റ്സർലൻഡിലെ യൂറോപ്യൻ ഗ്രാജുവേറ്റ് സ്കൂളിൽ ഷ്ലോൻഡോർഫ് സിനിമയും സാഹിത്യവും പഠിപ്പിക്കുന്നുണ്ട്. തീർച്ചയായും, ഷ്ലോൻഡോർഫിന്റെ സിനിമകളുടെ ഒരു വശം അവയുടെ ശക്തമായ സാഹിത്യ പ്രചോദനമാണ്: അദ്ദേഹത്തിന്റെ പല സിനിമകളും പ്രശസ്ത സാഹിത്യ കൃതികളുടെ ദൃശ്യപാഠങ്ങളാണ്.

1939 മാർച്ച് 31 ന് ജർമ്മനിയിലെ വീസ്ബാഡനിലാണ് വോൾക്കർ ഷ്ലോൻഡോർഫ് ജനിച്ചത്. ഓട്ടോളറിംഗോളജി ഡോക്ടറായ



October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-V
KSFDC


ജോർജ്ജ് ഷ്ലോൻഡോർഫ് ആയിരുന്നു അദ്ദേഹത്തിന്റെ പിതാവ്. മകന് അഞ്ച് വയസ്സുള്ളപ്പോൾ വീട്ടിലെ അടുക്കള യിലെ തീപിടുത്തത്തിൽ അമ്മ മരിച്ചു. അദ്ദേഹത്തിന് ജോർജ്ജ് എന്ന ഒരു സഹോദരനുണ്ട്, എന്നാൽ പിതാവിന്റെ രണ്ടാം വിവാഹത്തിൽ നിന്ന് അദ്ദേഹത്തിന് മറ്റൊരു ഇളയ സഹോദരൻ കൂടിയുണ്ട്, ഡെറ്റ്ലെഫ്. രണ്ട് സഹോദരന്മാരും വൈദ്യ രംഗത്തേക്ക് പ്രവേശിച്ചു.ഷ്ലോൻഡോർഫ് ജർമ്മനിയിലെ ഷ്ലാംഗൻബാദിൽ വളർന്നു.1956 വരെ വീസ്ബാഡനിലെ സ്കൂളിൽ പഠിച്ചു. ആ വർഷം, അദ്ദേഹം



ഒരു എക്സ്ചേഞ്ച് വിദ്യാർത്ഥിയായി ഫ്രാൻസിലേക്ക് പോയി. പത്ത് വർഷം ഫ്രാൻസിൽ തുടർന്നു. ജെസ്യൂട്ട് സഭ നടത്തിയിരുന്ന ഒരു ബോർഡിംഗ് സ്കൂളി ൽ അദ്ദേഹം പഠിച്ചു. അവിടെ നിന്ന് അദ്ദേഹം ലൈസി ഹെൻറി നാലാമനിൽ സ്കൂളിൽ ചേർന്നു. ആ സ്കൂളിൽ നിന്നാ ണ് അദ്ദേഹം ബാക്കലറിയേറ്റ് നേടിയത്. ഒരു സർവകലാശാലയിൽ പ്രവേശനത്തിന് ആവശ്യമായ ഡിപ്ലോമയാണ് ഫ്രഞ്ച് ബാക്കലറിയേറ്റ് . ഇത് ഒരു ഹൈസ്കൂൾ ഡിപ്ലോമയ്ക്ക് സമാനമാണ്. ഫ്രാങ്ക്ഫർട്ടിൽ നിന്ന് തത്തുല്യമായ ജർമ്മൻ ബിരുദവും ഷ്ലോൻഡോർഫ് നേടി. തുടർന്ന് അദ്ദേഹം പാരീസിലെ സോർബോ ണിൽ രാഷ്ട്രമീ മാംസ പഠിച്ചു.

ഷ്ലോൻഡോർഫ് പാരീസിലായിരുന്ന പ്പോൾ, അദ്ദേഹം ഇടയ്ക്കിടെ വലിയ സിനിമാ ലൈബ്രറിയായ സിനിമാതെക് ഫ്രാങ്കൈസ് സന്ദർശിച്ചിരുന്നു. അവിടെ അദ്ദേഹം നിരവധി ഫ്രഞ്ച് ന്യൂ വേവ് സംവിധായകരെ കണ്ടുമുട്ടി. 1950 കളുടെ അവസാനത്തിൽ, പാരീസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഡെസ് ഹൗട്ട്സ് എറ്റുഡ്സ് സിനിമാറ്റോഗ്രാഫിക്സിൽ (IDHEC) അദ്ദേഹം ചലച്ചിത്രനിർമ്മാണ പഠനം നടത്തി.

1960 നും 1964 നും ഇടയിൽ, ലൂയിസ് മാലെ, ജീൻ-പിയറി മെൽവില്ലെ, അലൻ റെനെ എന്നിവരുൾപ്പെടെ നിരവധി ഫ്രഞ്ച് സംവിധായകരുടെ സഹായിയായി അദ്ദേഹം പ്രവർത്തിച്ചു. അസിസ്റ്റന്റ് ഡയറക്ടറായി അദ്ദേഹത്തിന്റെ ആദ്യ ചിത്രം 1960 ൽ പുറത്തിറങ്ങിയ സാസി ഡാൻസ് ലെ മെട്രോ ആയിരുന്നു. 1960 ൽ തന്നെ, വോൾക്കർ ലോകി എന്ന ഓമനപ്പേരിൽ അദ്ദേഹം തന്റെ ആദ്യ ഹ്രസ്വചിത്രമായ ഹൂ കെയേഴ്സ് സംവിധാനം ചെയ്തു.

1965-ൽ ഷ്ലോൻഡോർഫ് ജർമ്മനി യിലേക്ക് മടങ്ങി. യംഗ് ജർമ്മൻ ചലച്ചിത്ര





പ്രസ്ഥാനത്തിന്റെ ഭാഗമായി. 1966-ൽ പുറത്തിറങ്ങിയ യംഗ് ടോർലെസ് ആയിരുന്നു അദ്ദേഹത്തിന്റെ ആദ്യ ഫീച്ചർ ചിത്രം. കറുപ്പിലും വെളുപ്പിലും ചിത്രീകരിച്ച ചിത്രമായിരുന്നു അത്. അദ്ദേഹത്തിന്റെ പിന്നീടുള്ള പല ചിത്രങ്ങളെയും പോലെ, ഇത് ഒരു ജർമ്മൻ സാഹിത്യകൃതിയുടെ ദൃശ്യപാഠമായിരുന്നു. കാൻ ഫിലിം ഫെസ്റ്റിവലിൽ, യംഗ് ടോർലെസ് ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ഫിലിം ക്രിട്ടിക്സിന്റെ (FIPRESCI) സമ്മാനം നേടി, കാൻസിൽ നൽകുന്ന ഏറ്റവും ഉയർന്ന ബഹുമതിയായ പാം ഡി'ഓറിന് നാമനിർ ദ്ദേശം ചെയ്യപ്പെട്ടു. മികച്ച ഫീച്ചർ ഫിലിം, മികച്ച പുതിയ സംവിധാനം, മികച്ച പുതിയ തിരക്കഥ എന്നീ മൂന്ന് ജർമ്മൻ ചലച്ചിത്ര അവാർഡുകളും ഈ ചിത്രം നേടി.

1969-ൽ, പീറ്റർ ഫ്ലീഷ്മാനുമായി ചേർന്ന് ഷ്ലോൻഡോർഫ് ഹാലെലൂയ-ഫിലിം എന്ന പേരിൽ ഒരു നിർമ്മാണ കമ്പനി രൂപീകരിച്ചു. ബെർട്ടോൾട്ട് ബ്രെഹ്ത്തിന്റെ നാടകത്തെ അടിസ്ഥാനമാക്കി ബാൽ എന്ന ടെലിവിഷൻ പ്രൊഡക്ഷൻ ആയിരുന്നു അവരുടെ ആദ്യ ശ്രമം. 1971-ൽ, ആ സിനിമയിലെ നടിയായ മാർഗരത്ത വോൺ ട്രോട്ടയെ ഷ്ലോൻഡോർഫ് വിവാഹം കഴിച്ചു. 1975-ൽ ദി ലോസ്റ്റ് ഓണറിന്റെ സഹ-എഴുത്തുകാരിയും സഹസംവിധായകയുമാണ് മാർഗരത്ത വോൺ ട്രോട്ട . മാർഗരത്ത വോൺ ട്രോട്ട സംവിധാനം ചെയ്ത റോസാ ലക്സംബർഗ് എന്ന സിനിമ ഫിൽക്ക ഫിലിം സൊസൈറ്റി പ്രദർശിപ്പിച്ചിട്ടുണ്ട് . ഹെൻറിച്ച് ബോൾ നോവലിൽ നിന്ന് രൂപപ്പെടുത്തിയ ദി ലോസ്റ്റ് ഓണർ എന്ന ചിത്രം മൂന്ന് ജർമ്മൻ ഫിലിം അവാർഡുകൾക്ക് നാമനിർദ്ദേശം ചെയ്യപ്പെടുകയും രണ്ടെണ്ണം നേടുകയും ചെയ്തു. ബോക്സ് ഓഫീസിലും ഇത് ഒരു ഹിറ്റായിരുന്നു. 1973-ൽ, റെയ്ൻഹാർഡ് ഹാഫ്, എബർഹാർഡ് ജങ്കേഴ്സ്ഡോർഫ് എന്നിവരോടൊപ്പം ബയോസ്കോപ്പ് ഫിലിമിന്റെ പ്രധാന ഓഹരി ഉടമയായി ഷ്ലോൻഡോർഫ് മാറി. ബയോസ്കോപ്പ് ഷ്ലോൻഡോർഫിന്റെ തുടർന്നുള്ള ചിത്ര ങ്ങൾ നിർമ്മിച്ചു.

ദി ടിൻ ഡ്രമ്മിണ്ട വിജയത്തെ തുടർന്ന് അന്താരാഷ്ട്ര താരനിരയുള്ള സിനിമകൾ പുറത്തിറങ്ങി. 1985-ൽ, ആർതർ മില്ലറുടെ നാടകമായ ഡെത്ത് ഓഫ് എ സെയിൽസ്മാൻ എന്ന നാടകത്തിന്റെ ചലച്ചിത്രാവിഷ്കാരത്തിൽ ഷ്ലോൻഡോർഫ് ഡസ്റ്റിൻ ഹോഫ്മാൻ, ജോൺ മാൽക്കോവിച്ച് എന്നിവരെ സംവിധാനം ചെയ്തു. 1987-ൽ ലൂയിസ് ഗോസെറ്റ് ജൂനിയറും ഹോളി ഹറും എ ഗാതറിംഗ് ഓഫ് ഓൾഡ് മെൻ എന്ന സിനിമയിൽ അഭിനയിച്ചു. ഏണസ്റ്റ് ജെ. ഗെയിൻസിന്റെ അതേ പേരിലുള്ള നോവലിനെ അടിസ്ഥാനമാക്കിയാണ് ഈ സിനിമ നിർമ്മിച്ചത്. 1990-ൽ, മാർഗരറ്റ് ആറ്റ്വുഡിന്റെ നോവലിനെ അടിസ്ഥാനമാക്കിയുള്ള 'എ ഹാൻഡ്മെയ്ഡ്സ് ടെയിൽ' എന്ന സിനിമയിൽ നതാഷ റിച്ചാർഡ്സൺ അഭിനയിച്ചു.

1980-കളിൽ അമേരിക്കയിൽ താമസിച്ചിരുന്ന ഷ്ലോൻഡോർഫ്, 1989-ൽ ബെർലിൻ മതിൽ ഇടിഞ്ഞതിനുശേഷം ജർമ്മനിയിലേക്ക് മടങ്ങി. 1991-ൽ അദ്ദേഹം വോൺ ട്രോട്ടയെ വിവാഹമോചനം ചെയ്തു. 1992-ൽ അദ്ദേഹം ആഞ്ചലിക്ക ഗ്രൂബറിനെ വിവാഹം കഴിച്ചു.

ചരിത്രപ്രസിദ്ധമായ സിനിമാ സ്റ്റുഡിയോ ബാബൽസ്ബർഗിനെ സംരക്ഷിക്കാൻ ഷ്ലോൻഡോർഫ് പ്രവർത്തിച്ചു. അത് ഒരു അന്താരാഷ്ട്ര നിർമ്മാണ കേന്ദ്രമാക്കി മാറ്റിയതിനുശേഷം, 1992 മുതൽ 1997 വരെ സ്റ്റുഡിയോ ബാബൽ സ്ബർഗിന്റെ മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിച്ചു. 2001-ൽ, യൂറോപ്യൻ ഫിലിം സെന്റർ ബാബൽസ്ബർഗിന്റെ ബോർഡ് ഓഫ് ട്രസ്റ്റീസിന്റെ ചെയർമാനായി.

അടുത്ത കുറച്ച് വർഷങ്ങളിൽ, അദ്ദേഹം തന്റെ ജീവചരിത്രമായ 'ലൈറ്റ്, ഷാഡോ ആൻഡ് മൂവ്മെന്റ് ' എഴുതി, അത് 2008 ൽ പ്രസിദ്ധീകരിച്ചു.ഷ്ലോൻഡോർഫ് സിനിമകളിൽ അഭിനയിക്കുകയും, ഓപ്പറകൾ സംവിധാനം ചെയ്യുകയും, രാഷ്ട്രീയത്തിൽ സജീവമായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. 2001-ൽ, സ്വിറ്റ്സർലൻഡിലെ യൂറോപ്യൻ ഗ്രാജുവേറ്റ് സ്കൂളിൽ സിനിമയുടെയും സാഹിത്യത്തിന്റെയും പ്രൊഫസറായി അദ്ദേഹം നിയമിതനായി. മറ്റ് അവാർഡുകൾക്ക് പുറമേ, 2002-ൽ ഫ്രാൻസിന്റെ പരമോന്നത ബഹുമതിയായ നൈറ്റ് ഇൻ ദി നാഷണൽ ഓർഡർ ഓഫ് ദി ലെജിയൻ ഓഫ് ഓണർ ബഹുമതിയും അദ്ദേഹത്തിന് ലഭിച്ചു.

സ്വാതന്ത്ര്യവും സമത്വവും ഉയർത്തിപ്പിടിക്കാൻ പ്രതിജ്ഞയെടുക്കുന്നവർക്കാണ് ഫ്രഞ്ച് ലെജിയൻ ഓഫ് ഓണർ നൽകുന്നത്. 2009-ൽ, കാമറിമേജ് ചലച്ചിത്രമേളയിൽ വെച്ച് അദ്ദേഹം ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് സ്വീകരിച്ചു.





കവിത

# അപൂർവ്വമീ അപസ്വരത്തിൻ തകരച്ചെണ്ട

**രാജാംബിക**
(അസോസിയേറ്റ് എഡിറ്റർ,
ഫിൽക്ക മാഗസിൻ)

**വ്യ**ഥകളാൽ നീറുന്നു ഹൃദയം
ആത്മസംഘർഷങ്ങളും ആഘാതങ്ങളും
പല ഭാവങ്ങളായി പല താളങ്ങളായി
പങ്കുവക്കുവാനൊരു തകരച്ചെണ്ട
ഉണർവിന്റെ സഹജരൂപൻ .
ഉയിരോടലിഞ്ഞ പ്രിയ കൂട്ടുകാരൻ...

കലുഷ ശൈശവം താളം തിമിർക്കുന്നു
കണികാണുന്നു പൊള്ളുന്ന കാഴ്ചകൾ
തകരച്ചെണ്ട പൊട്ടുന്നു, അകംപുറം
താളം തകർത്ത അസ്വസ്ഥതകളിൽ
ഇനി വളരേണ്ട, എനിക്കിനി വളരേണ്ട !
ചുവടുപിഴച്ചൊരീ ചുറ്റുപാടിലുയരേണ്ട !

അനിഷ്ടങ്ങൾ നിറഞ്ഞാടിയ
ബാല്യനൊമ്പരങ്ങൾ
അഭൂതപൂർവമാം ചരിത്രഗതിവിഗതികൾ
വേറിടുന്നിതാ വിള്ളലായി മൗനം
വളർച്ചതൻ ചക്രം കറങ്ങാതിരിക്കട്ടെ...

മൂന്നാം വയസ്സിലെ ദൃഢനിശ്ചയം,
ഓസ്കറിൻ
സൗരയൂഥത്തിന്റെ ഭ്രമണം നിർത്തിച്ചൊരു
നിമിഷം,
വലിച്ചെറിയുന്നു തകരച്ചെണ്ടയെ
നിലവറയിരുളിൽ
ഉള്ളിലെ നിലവിളിയിൽ സ്വയം
വീണുടയുന്നു
ഓർമ്മകൾ ഉണരുമ്പോൾ ഉടൽ
വളരാതെയാവുന്നു.
അകമേ വളരുന്നു പുറമേ നിലയ്ക്കുന്നു
രാഷ്ട്രീയ സംഹിതകളിൽ സൈന്യം
വളരുന്നു
സ്വാതന്ത്ര്യം നിലയ്ക്കുന്നു ചരിത്രം
വഴിമാറുന്നു
സ്വനപേടകമുള്ളൊരു തകരച്ചെണ്ടയലറുന്നു.

വാശിയാലുള്ള നിലവിളികൾ
ചുറ്റും തറയ്ക്കുന്നു കർണ്ണകഠോരമായി
കരളിൻെറ പിടച്ചിലിൽ തകരച്ചെണ്ട
ഉരുകുന്നു
കാറിക്കൂവലിൽ തകരുന്നു ശരറാന്തൽ,
കണ്ണട, ചില്ലുജാലകങ്ങൾ
ഘടികാര സൂചികൾ അടരുന്നു .

നെഞ്ചിൽ അതൃപ്തിയുടെ മുൾമുനകൾ
വീടൊരു സൈനിക ക്യാമ്പിന് സമം.
വർധിക്കുന്നു ഭീകരതയുടെ സ്വസ്തിക
വിള്ളലുണ്ടാക്കുന്നു വംശീയ ദേശീയത .
സ്വവർഗ്ഗമല്ലാത്ത രക്തസിദ്ധാന്തങ്ങളെ
ചുട്ടുതള്ളുന്നു
വംശവേരുപോലുമവശേഷിപ്പിക്കാതെ.

മാനവും പ്രാണനും കവർന്നെടുക്കുന്നു
മരുക്കാറ്റിനു ശ്വാസം കിട്ടാതെ വലയുന്നു
നടുക്കുന്ന ദൃശ്യമത് കാണുവാനാകാതെ



നക്ഷത്രങ്ങൾ നിർന്നിമേഷം കണ്ണടക്കുന്നു.

അദൃശ്യമാം ജന്മസിദ്ധി വിശേഷത്തോടവൻ
പൂർണ്ണതയേറിയ ചിന്തയും മനസ്സുമായി
നിൽക്കുന്നു കുളളനെപ്പോൽ ഓസ്കർ
കണ്ണുനീർ ചൂടുമായി
കദനകഥയിലൊരു സാക്ഷിയെപ്പോൽ.

അന്യർക്കുമേൽ നിയന്ത്രണത്തിൻ
അദൃശ്യച്ചരടൊന്നെറിയുന്നു ചെണ്ട,
മറവിതന്നോളങ്ങളിൽ നിന്നോർമ്മ കയ്യിട്ടു
വാരുന്നു
ഭാവി ഫലങ്ങൾ പ്രവചിച്ചീടുന്നു കലമ്പിച്ച
താളങ്ങൾ.

ഓർമ്മതൻ രജതരേഖകൾ
ഉറവിടത്തിൻ കഥയോതുന്നു
വിജനമാം ചതുപ്പ് വയലേലയതിൽ
ഉരുളക്കിഴങ്ങ് ചുട്ടുതിന്നുന്ന സ്ത്രീയ
്ക്കരികിൽ
പടയാളികളിൽ നിന്ന് ഓടിഎത്തുന്നു
ഒളിക്കാനൊരു പോളണ്ടുകാരൻ.

പ്രാണരക്ഷാർത്ഥം അഭയം തേടുന്നവൻ
മടക്കുകളുള്ള വലിയ പാവാടയിൽ.
കാലം പല പുഴകളെ ഒന്നിച്ചു ചേർത്തു,
അവിടെ ഓസ്കറിൻ അമ്മയാഗ്നസ്
വിരിഞ്ഞു .

മുത്തച്ഛൻ, ഫയറിംഗ് സ്കോഡിനെ കണ്ടു
വിരണ്ടോടി നദിയിൽ ചാടിമറഞ്ഞു
പോയെങ്കിലും
കോടീശ്വരനായി ഇന്നും ജീവിക്കുന്നു
വെന്നൊരു
കെട്ടുകഥയുടെ ചെപ്പു തുറക്കുന്നു,
ഓസ്കറിൻ ഓർമ്മ.

മുത്തശ്ശിതൻ സോദര പുത്രൻ ജാൻ...
സുരതകേളി പുഷ്പസൗരഭം മുകർന്ന
ലഹരിയിൽ
ആഗ്നസിൻ സിരകളിൽ താളാത്മക
നിർഝരി
അവനെക്കുറിച്ചുള്ള സംഗമം സ്വപ്നം കണ്ടു.


നിദ്രയുടെ അഗാധതയിലാണ്ടപ്പോഴും
യുദ്ധമേൽപ്പിച്ച പരിക്കുകളോടൊരാൾ
മറ്റ്സെറാത്ത്...
അയാളും അവളിൽ പ്രേമവർഷമായി
പെയ്തിറങ്ങി
പരിണയിക്കുന്നൊരാൾ പ്രണയിക്കുന്നു
മറ്റൊരാൾ.

രക്തഭ്രമരങ്ങൾ മാറി മാറി തേൻനുകരവെ
പ്രണയവല്ലരിയിലെ മുകുളം വിരിയുന്നു -
ഓസ്കർ.

മറ്റ്സെറാത്ത്, ഓസ്കറിൻ മനസ്സിൽ
ജനകീയ ജർമ്മൻ രക്തരാഷ്ട്രീയത്തിൻ
അസ്വസ്ഥത വാരി നിറയ്ക്കുന്നു
സ്വച്ഛജീവിത താളം തകർക്കുന്നു.

മഴയിൽ കുതിർന്ന പ്രഭാതങ്ങളിൽ
ഊഷ്മള ഓർമ്മയായി വന്നൊരച്ഛൻ -
ജാൻ, 'ആ അച്ഛൻ മതിയായിരുന്നു',
അമ്മയോടുള്ള അപേക്ഷ നിഷ്ഫലം,
കുഞ്ഞു മനം തേങ്ങിക്കലങ്ങി
എങ്ങും ചില്ലുദീപങ്ങളുടെ നിരകൾ...

തകരച്ചെണ്ടയിൽ അമർഷം നിറഞ്ഞു
പെയ്തു
വളരേണ്ട, എനിക്കിനിയും വളരേണ്ട
മറ്റുള്ളവർ മുന്നോട്ടു നടന്നുപോകട്ടെ



എനിക്കിനി ആൾക്കൂട്ടത്തോടൊപ്പം
നടക്കേണ്ടതില്ല
നാസി വ്യവസ്ഥിതീ ശിഖരങ്ങൾ പടർന്ന്
കൊള്ളട്ടെ
അതിലേക്കായെനിക്കിനി പോക വയ്യ...

ഐക്യപ്പെടുവാൻ അണിചേരുന്നു
ആര്യദേശീയ രക്തം
അതിജീവിക്കുവാൻ
സാമ്രാജ്യ ചട്ടങ്ങളെ
ജയിച്ചേറുവാൻ നവസാമ്രാജ്യ
മായിത്തീരുവാൻ
ജർമ്മൻ ചിഹ്നങ്ങളെങ്ങും വിതറുന്നു
മാരകവിത്തുകൾ.

യുദ്ധഭീകരതയുടെ ചിതയെരിഞ്ഞെങ്ങും
നീണ്ടവർഷങ്ങൾ
രൗദ്രതാണ്ഡവ നാസിമുന്നണിയൊടുവിൽ
കീഴടങ്ങുന്നു
തപ്തലോകത്തിനാശ്വാസമായി കമ്രദീപ
രണാങ്കണം
സ്വപ്നചക്രം കറങ്ങിത്തുടങ്ങുന്നു
പിന്നെയും .

ശാന്തഭൂമിയിൽ പറക്കുന്നു പ്രാവുകൾ
ശപ്തസ്മൃതികളുറങ്ങുന്നു കുടീരങ്ങളിൽ
ചുവന്ന ചക്രവാളങ്ങളിൽ മണികൾ
മുഴങ്ങുന്നു
ചേതനയുടെ മരവിപ്പ് മാറുന്നു
സ്പന്ദിക്കുന്നു മർത്യചരിതം
ദീപ്തമാകണം ബോധദീപങ്ങൾ ,
തത്വശാസ്ത്രങ്ങൾ

താലപ്പൊലിയേന്തി നൃത്തമാടണം
ദിനരാത്രങ്ങളെന്നും .

വളർന്നുപോയൊരാ വിപരീത താളങ്ങളിൽ
വളരേണ്ടെന്നു നിനച്ചനാൾ മുതൽ
കാത്തിരുന്നൊരു യുഗപ്രഭാവമേ വരിക
കറുത്ത ലിപികളിൽ കൊരുത്തുപോയൊരാ
കണ്ണുകൾക്കൊരു പീലിനൽകുക
കമനീയമാകട്ടെ ഹൃദയഭൂമികൾ .

താളാത്മക മരണഗീതികൾ തൊട്ടുതഴുകിയ
തരളബന്ധങ്ങൾ
മറഞ്ഞ നൊമ്പരത്തിൽ
വന്യമാം നിശബ്ദത മാത്രം ബാക്കിനിൽക്കവേ
വരുന്നു ബന്ധുക്കൾ പുതുപ്രതീക്ഷയിൽ .

ശിരസ്സിനേറ്റൊരാഘാതത്തിൽ ശവക്കുഴിയിൽ
വീഴുന്നു ഓസ്കർ
ശവപ്പെട്ടിതൻ വക്കിൽ ശിരസ്സിടിക്കുന്നു
ഭീതിയാർന്ന പുറംലോകത്തിൻ വളർച്ച
നിലച്ചപ്പോൾ
ഭ്രമണം തുടങ്ങുന്നു കാലചക്രവും
ഓസ്കറിൻ വളർച്ചയും വീണ്ടും .

സ്വസ്ഥമാകുന്നു ഋതുക്കൾ , വർണ്ണമാർന്ന
കൊടികൾ പാറവേ
ശാന്തവിഭാതം പുലരുന്നു , ഹൃദ്യമായ്
വീശുന്നു മാരുതൻ
കർണ്ണത്തിനിമ്പം പകരുന്ന താളലയ
തരംഗവുമായി കൂടെയെന്നും തകരച്ചെണ്ട,
ഉയിരോടലിഞ്ഞ പ്രിയ കൂട്ടുകാരൻ... ●




October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-V
KSFDC



# വെയ്റ്റിംഗ് ഫോർ ദി ബാർബേറിയൻസ്



വിനോദ്കുമാർ. പി
(ഫിൽക്ക)



നൊബേൽ സമ്മാനജേതാവ് ജെ. എം. കോട്സിയുടെ പ്രമുഖ കൃതിയെ ആധാരമാക്കി സിറോ ഗുവേരയുടെ സംവിധാനത്തിൽ 2019 ൽ പുറത്തിറങ്ങിയ ചലച്ചിത്രമാണ് വെയ്റ്റിംഗ് ഫോർ ദി ബാർബേറിയൻസ്.

ബ്രിട്ടീഷ് കൊളോണിയൽ ആധിപത്യത്തെ ഓർമ്മിപ്പിക്കുന്ന അജ്ഞാതമായ ഒരു സാമ്രാജ്യത്തിന്റെ കീഴിലുള്ള മരുഭൂമിയിലെ അതിർത്തികളിലുള്ള ഒരു കോട്ട വർഷങ്ങളായി ഒരു മജിസ്ട്രേറ്റ് ആണ് സമാധാനപൂർവ്വമായി നിയന്ത്രിക്കുന്നത്. കോട്ടയ്ക്കുള്ളിൽ നിരത്തുകൾ,വീടുകൾ കോടതി,ജയിൽ,ചെറിയൊരു സൈന്യം , ... കുറച്ചു കുടുംബങ്ങൾ,അടിമകൾ, മൃഗീയമായി പീഡിപ്പിക്കപ്പെട്ട തടവുകാർ .

ആ പ്രദേശത്ത് വിളയുന്ന ധാന്യങ്ങളും ആടുകളും കോട്ടയുടെ വരുമാന മാർഗ്ഗങ്ങളാണ് . ...തടവുകാർ തദ്ദേശീയരായ കറുത്ത വർഗക്കാർ . അവർ മരുഭൂമിയിലെ ഗോത്രവർഗ്ഗക്കാരാണ്. ആ ഭൂപ്രദേശം കീഴടക്കിയ വെള്ളക്കാരുമായി അപരിഷ്കൃതരായ കറുത്ത വർഗ്ഗക്കാർ നിരന്തരം പോരാട്ടത്തിലാണ് .

ഒരിക്കൽ സാമ്രാജ്യത്തിന്റെ വിദൂരകേന്ദ്രം തയ്യാറാക്കിയ ഒരു നിഗൂഢ പദ്ധതിയുടെ ഭാഗമായി കേണൽ ജോളി അവിടെ എത്തുന്നു. കേണലിന്റെ ശത്രുതാ രീതിയിലുള്ള പെരുമാറ്റം മജിസ്ട്രേറ്റിന് അസ്വസ്ഥത ഉണ്ടാക്കുന്നുവെങ്കിലും അദ്ദേഹം പരമാവധി സൗഹൃദം പുലർത്താൻ ശ്രമിക്കുന്നു. മജിസ്ട്രേറ്റ് ആവട്ടെ അവിടെയുള്ള മനുഷ്യരോട് കാരുണ്യമുള്ളവനാണ് . അവരെ അടിമകളായി കാണുന്നില്ല . ആ പ്രദേശത്തുള്ള ഓരോ കാര്യവും ശേഖരിച്ചും പഠിച്ചും ഒരു പ്രാദേശിക ചരിത്രം തന്നെ മജിസ്ട്രേറ്റ് രേഖപ്പെടുത്തുന്നുണ്ട് . പ്രാചീനമായ പുരാവസ്തുക്കളിൽ നിന്ന് അജ്ഞാത ലിപികളും കണ്ടെത്തുന്നു . പഴയൊരു



തദ്ദേശീയ ഗോത്രസംസ്കൃതി അവിടെ നിലനിന്നിരുന്നതായി മജിസ്ട്രേട്ട് മനസിലാക്കുന്നു.പക്ഷെ പരിഷ്കൃത ലോകത്തിന്റെ അധിപതികളായ വെള്ളക്കാർക്ക് മുന്നിൽ അവിടെയുള്ള ഗോത്രവർഗ്ഗക്കാർ ബാർബേറിയൻസ് ആണ്. അവർ മരുഭൂവിൽ മലയിടുക്കുകളിൽ ഒളിച്ചുപാർക്കുന്നു . അന്യരായ സഞ്ചാരി കൾക്ക് അവർ അപകടകാരികളാണ് .അവരെ പൂർണ്ണമായും ഇല്ലാതാക്കുക എന്നതാണ് അധിപൻമാരായ വെള്ള ക്കാരുടെ ലക്ഷ്യം. കോട്ടയിൽ ചെറു സൈന്യം പോരാട്ടത്തിന് സജ്ജമാണ് .

ഇതിനിടയിൽ ആടുകളെ വേട്ടയാടിയതിന് നിഷ്ക്കളങ്കനായ ഒരു ഗോത്രവർഗ്ഗക്കാരനെ യും അയാളുടെ ബന്ധുവിനെയും ചോദ്യം ചെയ്യാൻ കേണൽ ജോളി നിർബന്ധിക്കുന്നു. തുടർന്ന് അവരെ ക്രൂരമായ പീഡനത്തിന് വിധേയമാക്കുന്നു. പീഡിപ്പിക്കപ്പെട്ടവരോടൊപ്പം ഒരു കൂട്ടം സൈനികരെയും കൂട്ടി കേണൽ ജോളി അവരുടെ ഗോത്രത്തിലേക്ക് പോകുകയും അവിടെയുള്ള നിരവധി സ്ത്രീകളെയും പ്രായമായ പുരുഷന്മാരെയും യുദ്ധത്തടവു കാരായി കസ്റ്റഡിയിലെടുക്കുകയും ക്രൂരമായി പീഡിപ്പിക്കുകയും ചെയ്യുന്നു. അടുത്ത ദിവസം അവരെ മോചിപ്പിക്കാനും ഉത്തരവിടുന്നു. കേണൽ ജോളിയേയൊ അദ്ദേഹത്തിന്റെ രീതികളെയോ ലക്ഷ്യങ്ങളെ യോ മജിസ്ട്രേറ്റിന് അംഗീകരിക്കാൻ സാധിക്കുന്നില്ല.

കുറച്ച് മാസങ്ങൾക്ക് ശേഷം, രണ്ട് കാലുകൾക്കും പരുക്കേറ്റ ഒരു മുൻ തടവു കാരിയെ തെരുവിൽ വച്ച് മജിസ്ട്രേറ്റ് കാണുകയും സഹാനുഭൂതി തോന്നി അവൾക്ക് ഭക്ഷണവും പാർപ്പിടവും നൽകുകയും ചെയ്യുന്നു.

അവളുടെ കാലുകൾ സുഖപ്പെടുത്താൻ ശ്രമിക്കുന്ന മജിസ്ട്രേട്ട് അവളെ തന്റെ വെപ്പാട്ടിയായി നിലനിർത്താൻ ഉദ്ദേശിക്കുന്നുവെന്ന് ചില സൈനികർ ഊഹിക്കുന്നു. എന്നാൽ പെൺകുട്ടിയുടെ എല്ലാ ബുദ്ധിമുട്ടുകളെയും കുറിച്ച് മനസ്സിലാക്കുന്ന മജിസ്ട്രേറ്റ് കോട്ട യിൽ തന്നെ തുടരാൻ അവളോട് ആവശ്യപ്പെടുന്നു.

അവളുടെ കാൽവണ്ണ രണ്ടും അടിച്ചു പൊട്ടിച്ചിരിക്കുകയാണ്. രണ്ടു ഊന്നു വടികൾ കുത്തിയാണ് അവൾ വേച്ചുവേച്ചു നടന്നു നീങ്ങുന്നത് . അവളോട് കോട്ടയിൽ വസിക്കാൻ മജിസ്ട്രേറ്റ് ഉപദേശിക്കുന്നു. എന്നാൽ തന്റെ ഗോത്ര ത്തിലേക്ക് തിരികെ പോകാനാണ് അവൾ ആഗ്രഹിക്കുന്നത്. അവളെ ഗോത്രത്തിലേക്ക് തിരികെ എത്തിക്കുവാൻ മജിസ്ട്രേറ്റ് തയ്യാറാവുന്നു .



മരുഭൂമിയിലൂടെയുള്ള ദീർഘവും ദുഷ്കരവുമായ യാത്രയ്ക്ക് ശേഷം, മജിസ്ട്രേറ്റ് മലനിരകളിലെ ബാർബേറി യൻസിനെ സമീപിക്കുകയും അവളെ തിരികെ ഏൽപ്പിക്കുകയും ചെയ്യുന്നു. കോപാകുലരായി മാറിയ അവരുമായുള്ള ബന്ധം പുനഃസ്ഥാപിക്കാമെന്ന പ്രതീക്ഷ അസ്ഥാനത്താണെന്നു മജിസ്ട്രേറ്റ് മനസിലാക്കി അവിടെ നിന്നും തിരികെ പോരുന്നു .

ഇതിനിടയിൽ കേണൽ ജോളിയുടെ കീഴുദ്യോഗസ്ഥനായ ഓഫീസർ മണ്ടേൽ കോട്ടയുടെ കമാൻഡറായി നിയമിക്കപ്പെടുന്നു. തിരികെ എത്തിയ മജിസ്ട്രേറ്റിനെ വിശ്വാസവഞ്ചനയുടെ പേരിൽ അയാൾ കസ്റ്റഡിയിലെടുക്കുന്നു. ഗോത്രവർഗ്ഗക്കാരായ മനുഷ്യരോട് അനുകമ്പയുള്ള മജിസ്ട്രേറ്റിനെ പട്ടാളക്കാർ തല്ലുകയും അധിക്ഷേപിക്കുകയും മരത്തിൽ കെട്ടിത്തൂക്കുകയും അദ്ദേഹത്തിന്റെ വീടും സ്വത്തുക്കളും കണ്ടുകെട്ടുകയും ചെയ്യുന്നു.

അതേസമയം കേണൽ ജോളി ഗോത്രവർഗ്ഗക്കാരായ ബാർബേറിയൻസിനെ തുടച്ചുനീക്കാൻ ഒരു വലിയ സൈന്യവുമായി തയ്യാറെടുക്കുന്നു. സൈനിക നിയമങ്ങളാൽ ചിതറിക്കിടക്കുന്ന ഗോത്രങ്ങളെ ഒരൊറ്റ 'ബാർബേറിയൻ' ശത്രു സൈന്യമായി കണ്ട് പോരാട്ടത്തിലൂടെ വംശഹത്യ ചെയ്യുവാൻ ലക്ഷ്യമിടുന്നു .

ഇതിനിടെ കേണൽ ജോളിയുടെ സൈനികരിൽ ഒരാളുടെ വികൃതമാക്കിയ മൃതദേഹം വഹിച്ചുകൊണ്ട് ഒരു കുതിര കോട്ടയിലേക്ക് എത്തുന്നു. ഇതിനെ തുടർന്ന് ഓഫീസർ മണ്ടേൽ തന്റെ സൈനികരുമായി യുദ്ധത്തിന് പുറപ്പെടുന്നു . വൃദ്ധനായ മജിസ്ട്രേറ്റ് കോട്ടയ്ക്കുള്ളിൽ ഒരു യാചകനെ പോലെ കഴിയുകയാണ്. അയാളെ സംരക്ഷിക്കുവാൻ പഴയ പരിചാരിക തയ്യാറാവുന്നുണ്ട് .തദ്ദേശവാസികളായ ഗോത്രവർഗ്ഗക്കാരോടുള്ള മാനുഷിക സമീപനത്തിൽ മജിസ്ട്രേറ്റിനു മാറ്റമില്ല. ഗോത്രവർഗ്ഗക്കാരോട് ഏറ്റുമുട്ടാൻ പോയ കേണൽ ജോളിയുടെ സൈന്യം തിരിച്ചെത്തുന്നത് ചുരുക്കം ചിലരുമായിട്ടാണ്.അവർ പരാജിതരായിരിക്കുന്നു .

യാഥാർത്ഥ്യത്തിൽ നിന്ന് പൂർണ്ണമായും വേർപെട്ട് താൻ ഇരിക്കുന്നതായി മജിസ്ട്രേറ്റിനു തോന്നുന്നു. മരുഭൂമിയിൽ താമസിക്കുന്ന ഗോത്രവർഗ്ഗക്കാരി പെൺകുട്ടിയെക്കുറിച്ച് അദ്ദേഹം ചിന്തിക്കുന്നു. പ്രതീക്ഷയാർന്ന ഒരു കാത്തിരിപ്പ് പോലെ . ഗോത്രവർഗ്ഗ യോദ്ധാക്കളുടെ ഒരു വലിയ സൈന്യം കോട്ടയിലേക്ക് പോകുന്ന ചക്രവാളത്തിൽ ഒരു പൊടിക്കാറ്റ് പ്രത്യക്ഷപ്പെടുന്നതായി അയാൾക്ക് അനുഭവപ്പെടുന്നതോടു കൂടി ചിത്രം അവസാനിക്കുന്നു.

ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേചന കാലത്ത് രചിക്കപ്പെട്ട ഈ നോവലിൽ അടിച്ചമർത്തലിന്റെ ഹീനമായ സത്യങ്ങൾ വെളിപ്പെടുത്തുന്നു . കൂടാതെ സൈനിക വാഴ്ചയുടെയും അധിനിവേശത്തിന്റെയും അടിച്ചമർത്തലിന്റെയും സംഭവങ്ങളും വംശീയയുദ്ധങ്ങളുമായുള്ള സമാനതകളും കൂടുതൽ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. മജിസ്ട്രേറ്റിന്റെ സഹനങ്ങളും മനുഷ്യരാശിയെ കുറിച്ചുള്ള പ്രതീക്ഷകളും നിശബ്ദ ചിന്തകളും ശോകാർദ്ര ഭാവവും സിനിമയിൽ നിറഞ്ഞുനിൽക്കുന്നു . ●



# ജെ. എം. കോറ്റ്സി
# മനുഷ്യാത്മാവിന്റെ ആഫ്രിക്കൻ പ്രതിധ്വനി



ലീലാമ്മ തോമസ്
ബോട്സ്വാന
(ഫിൽക്ക)



മൌനത്തിന്റെ ശബ്ദം മരുഭൂമിയിലെ കാറ്റ് പുസ്തകത്തിന്റെ പേജ് മറിക്കുമ്പോൾ മണലിനൊപ്പം വീഴുന്ന വാക്കുകൾ ഞാൻ കേട്ടു ജെ.എം. കോറ്റ്സി.

വാക്കുകൾക്കിടയിൽ ഒരു മൗനം, മൗനത്തിനിടയിൽ ഒരു ഗർജ്ജനം. അവൻ പറയാതെ പറഞ്ഞതിൽ തന്നെ യാണ്. മനുഷ്യന്റെ യാഥാർത്ഥ്യം മുഴങ്ങുന്നത്.മൗനത്തിൽ നിന്നുള്ള ഒരു ശബ്ദം,വേദനയിൽ നിന്നുള്ള ഒരു വെളിച്ചം, ആഫ്രിക്കൻ മണ്ണിലെ പൊടിപടലങ്ങൾ ക്കിടയിൽ മനുഷ്യന്റെ ആത്മാവിനെ സ്നേഹിക്കുന്ന ഒരു പ്രതിധ്വനി. സാഹിത്യത്തിന്റെ മൗനഗർജ്ജനം.

ആഫ്രിക്കൻ മണലുകളിൽ ഞാൻ വായിച്ച എഴുത്തുകാരിൽ എന്റെ ഹൃദയം ഏറ്റവും ആഴത്തിൽ തൊട്ടവൻ ജെ.എം. കോറ്റ്സി. അവന്റെ വാക്കുകൾ ലളിതം, പക്ഷേ ആ ലാളിത്യത്തിനുള്ളിൽ മനുഷ്യന്റെ നിസ്സഹായതയും ധൈര്യവും കൂടിച്ചേരുന്ന ആഴമുണ്ട്.

1940 ഫെബ്രുവരി 9-ന് ദക്ഷിണാഫ്രിക്ക യിലെ കേപ് ടൗണിൽ ജനിച്ച ജോൺ മാക്സ്വെൽ കോറ്റ്സി, കൊളോണിയലി സത്തിന്റെ ഇരു നിഴലുകളിൽ വളർന്നു. അവന്റെ കഥകൾ വെറും നോവലുകൾ അല്ല,മനുഷ്യന്റെ ഉള്ളിലേക്കുള്ള ഗഹന യാത്രകളാണ്.അവൻ ചോദിക്കുന്നു: “നാം കാണാത്ത ആ മുഖം തിരിച്ചറിയാൻ നാം തയ്യാറാണോ? ’

1974ൽ വന്ന Dusklands കൊളോണിയൽ ചരിത്രത്തിന്റെ ഇരട്ടമുഖങ്ങൾ തുറന്നുകാട്ടി. തുടർന്ന് In the Heart of the Country, Waiting for the Barbarians,Life and Times of Michael K. ഒറ്റപ്പെടലിന്റെയും മനുഷ്യ പ്രതിരോധത്തിന്റെയും രേഖകൾ. Michael K അദ്ദേഹത്തിന് ആദ്യ ബുക്കർ അവാർഡ് നൽകി.






Foe - ഭാഷയുടെ അടിമത്തത്തെപ്പറ്റിയുള്ള ആഴമുള്ള ചോദ്യങ്ങൾ.Age of Iron, Disgrace -കാലത്തിന്റെ നീതിയും അനീതിയും തീക്ഷ്ണമായി വിശകലനം ചെയ്ത കൃതികൾ.Disgrace അദ്ദേഹത്തിന് രണ്ടാം ബുക്കർ അവാർഡ് സമ്മാനിച്ചു.

അവന്റെ ഭാഷ മൃദുവാണ്, പക്ഷേ വാക്കുകൾക്കുള്ളിൽ തീയുടെ ചൂടുണ്ട്.
Elizabeth Costello, Slow Man, Diary of a Bad Year -മനുഷ്യധാർമ്മികതയെ ചോദ്യം ചെയ്യുന്ന മൗനപ്രസംഗങ്ങൾ.പിന്നീട് വന്ന The Childhood of Jesus,The School-days of Jesus, The Death of Jesus...മനുഷ്യൻ ആത്മീയമായി സ്വയം നഷ്ടപ്പെടുത്തിയതിനെ തിരിച്ചു പിടിക്കാനുള്ള ദീർഘമായ യാത്രകൾ.Boyhood, Youth, Summertime -കോറ്റ്സി യുടെ ജീവിതത്തിന്റെ നനവുള്ള പാളികളാണ്.കേപ് ടൗണിന്റെയും വുസ്റ്ററിന്റെയും മണൽപ്പാടങ്ങളിൽ വളർന്ന ബാല്യം,അമ്മയുടെ മൃദുസ്നേഹവും അച്ഛന്റെ അകലം നിറഞ്ഞ ജീവിതവും അവയുടെ അനുരണനമാണ് ഈ കൃതികൾ. വാക്കുകൾ പറയാത്തതും മനസ്സിൽ തീർത്തുവയ്ക്കുന്നതുമായ വേദനകളാണ് അവിടെ പ്രതിഫലിക്കുന്നത്.

ജെ.എം. കോറ്റ്സി അഫ്രിക്കാനർ വംശജരായ മാതാപിതാക്കളുടെ മകനായിരുന്നു. അച്ഛൻ സക്കറിയാസ് കോറ്റ്സി (1912 -1988) അഭിഭാഷകനും സർക്കാർ ഉദ്യോഗസ്ഥനും. അമ്മ വേര കോറ്റ്സി (1904-1986) അധ്യാപികയും സാംസ്കാരികതയുമുള്ള സ്ത്രീയുമായിരുന്നു.അച്ഛൻ പലപ്പോഴും വീട്ടിൽ നിന്ന് അകലെയായിരിക്കും; ഒരു കുറ്റാരോപണം ഒഴിവാക്കാനായി അവൻ സൈന്യത്തിൽ ചേർന്ന് രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്തു.ആ കാലത്ത് വേരയും കുട്ടികളും ബന്ധുക്കളുടെ സഹായത്തിൽ ജീവിതം മുന്നോട്ടു നയിച്ചു. വീട്ടിൽ ഇംഗ്ലീഷ് സംസാരിച്ചിരുന്നുവെങ്കിലും, ബന്ധുക്കളുമായി ആഫ്രിക്കാൻസ് ഭാഷയിലായിരുന്നു ആശയവിനിമയം.



അവന്റെ പിതൃവംശം 17-ാം നൂറ്റാണ്ടിൽ ദക്ഷിണാഫ്രിക്കയിലേക്ക് കുടിയേറിയ ഡച്ച് കുടിയേറ്റക്കാരിലേക്കാണ് പോകുന്നത്.മാതൃവംശത്തിൽ ഡച്ച്, ജർമ്മൻ, പോളിഷ് രക്തബന്ധങ്ങൾ ചേർന്നിരിക്കുന്നു.

അമ്മയുടെ പിതാമഹൻ ബാൽസർ ഡുബിയേൽ പോളിലെ ഷാർനിലാസ് ഗ്രാമത്തിൽ ജനിച്ച ഒരാൾ. ജർമ്മനീകരിച്ച പേര് - "ബാൾത്തസാർ ഡു ബീൽ." അവന്റെ വംശസ്മരണയാണ് The Pole (2022) എന്ന നോവലിൽകലാപരമായി രൂപം കൊണ്ടത്.2003-ൽ നോബൽ പുരസ്കാരം സ്വീകരി ക്കുമ്പോൾ സ്വീഡിഷ് അക്കാദമി പറഞ്ഞു:
'In innumerable guises, he portrays the involvement of the outsider."

അനവധി രൂപങ്ങളിലൂടെ അവൻ പുറം തള്ളപ്പെട്ടവന്റെ ആന്തരിക പങ്കാളിത്തം വരച്ചുകാട്ടുന്നു. അതാണു കോറ്റ്സിയുടെ സൃഷ്ടിയുടെ ആത്മാവ് മൗനം, ഒറ്റപ്പെടൽ, മനുഷ്യധർമ്മത്തിന്റെ ഗഹനത.

ബോട്സ്വാനയിലെ മണൽമഴയിൽ ഞാൻ കോറ്റ്സിയെ വായിക്കുമ്പോൾ, കാറ്റിന്റെ ഓളം പേജുകളിൽ പാട്ടുപാടും.



തേൻച്ചീണ്ടുകളുടെ മുഴക്കംപോലെ അവന്റെ വാക്കുകൾ മനസ്സിൽ മുഴങ്ങും. അവൻ എന്നെ പഠിപ്പിച്ചത്, വാക്കുകൾ കേട്ടാൽ മതി എന്നല്ല, അവയെ ഹൃദയം കേൾക്കണം എന്നാണ്. അവന്റെ മൗന ഗർജ്ജനത്തിൽ ഞാൻ കേട്ടത് മനുഷ്യന്റെ ആത്മാവിന്റെ ആഫ്രിക്കൻ പ്രതിധ്വനി. മൗനത്തിന്റെ ഗാനം ഞാൻ കണ്ടെത്തിയ ആ നിമിഷം.

ബോട്സ്വാനയുടെ സൂര്യൻ തീ പിടിച്ചു കൊണ്ടിരുന്നു.തെളിഞ്ഞ ആകാശം എനിക്കു മേൽ ചുട്ടു വീഴുമ്പോൾ, ഗ്യാരേജിന്റെ



വാതിൽപ്പുറം പെയിന്റ് പൊടിയാൽ മൂടിയ എന്റെ ചെറു ലോകം ഉറങ്ങാതെ ഉണർന്നിരുന്നു.കയ്യിൽ ബ്രഷ്, ഹൃദയത്തിൽ സ്വപ്നം വണ്ടിയുടെ പൊടിപിടിച്ച ശരീരത്തിൽ ഞാൻ വരച്ചത് ഒരുനിറമല്ല, എന്റെ ആത്മാവിന്റെ പ്രതിഫലനം.ആഫ്രിക്കൻ കാറ്റ് വ്യാഴംപോലെ വരയിലൂടെയൊഴുകി, എന്റെ കവിളിലെ വിയർപ്പ് തൊട്ട് പറഞ്ഞു.. "ജീവിതം തന്നെ ഒരു പെയിന്റിംഗ് ആണല്ലോ."

തൂവാലയുടെ കുലുക്കത്തിൽ മണലും സംഗീതം പാടി, ദൂരെയൊരിടത്ത് മുളപൊട്ടുന്ന പുല്ലുകൾ പെയിന്റ്



ചായത്തിന്റെ തിളക്കത്തിൽ മിനുങ്ങി. അപ്പോഴാണ് ഞാൻ കണ്ടത് വിയുടെ മിനുക്കിയ ശരീരത്തിൽ എന്റെ മുഖം തിരിച്ചുവീണപ്പോൾ, ഒരു നിമിഷം ലോകം പുഞ്ചിരിച്ചു. അത് തന്നെയായിരുന്നു ഞാൻ കണ്ടെത്തിയ ആ നിമിഷം പ്രവൃത്തിയുടെയും പ്രാർത്ഥ നയുടെയും അതിരിൽ മനുഷ്യന്റെ കൈ കളിൽ ദൈവത്തിന്റെ നിറം തിളങ്ങുന്ന സമയം.

ഈ കുറിപ്പ് മൗനത്തിൽ നിന്നും പ്രചോദനം കണ്ടെത്തുന്ന എല്ലാ മനുഷ്യർക്കും സമർപ്പിക്കുന്നു ജീവിതത്തിന്റെ പൊടിയിൽ

അർത്ഥത്തിന്റെ നിറം കണ്ടെ ത്തുന്നവർക്കും, തങ്ങളുടെ പ്രവൃത്തിയിലൂടെ ആത്മാവിനെ വരയ്ക്കുന്നആ ആഫ്രിക്കൻ മൗനസംഗീത ക്കാർക്കും.മൗനം ചിലപ്പോൾ കുരൽ പ്പാട്ടാകുന്നു. വേദന ചിലപ്പോൾ സത്യ മായി തീരുന്നു. ആത്മാവിന്റെ ആഫ്രിക്കൻ മണൽപ്പാടങ്ങളിൽ കോറ്റ്സിയുടെ വാക്കുകൾ വിത്തായിപ്പടരുന്നു.മനുഷ്യൻ തന്റെ നിഴലുമായി സംസാരിക്കുമ്പോൾ ഒരു എഴുത്തുകാരൻ ലോകം മുഴുവൻ കേൾക്കുന്നവൻ ആകുന്നു.അതാണ് കോറ്റ്സി മൗനത്തിന്റെ ശബ്ദം, മനുഷ്യനിലേക്കുള്ള യാത്രയുടെ കാന്തിക ദിശാസൂചി.



October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-V




# സിറോ ഗുവേര: കൊളംബിയൻ ചലച്ചിത്ര ശബ്ദം'



നിമിഷ ഹെലൻ
(ഫിൽക)



സിറോ ഗുവേര കൊളംബിയൻ ചലച്ചിത്ര സംവിധായകനും തിരക്കഥാകൃത്തുമാണ്. 2016-ൽ കൊളംബിയയിൽ നിന്നുള്ള ആദ്യ ഓസ്കാർ നാമനിർദ്ദേശം ചെയ്യപ്പെട്ട 'Embrace of the Serpent"എന്ന സിനിമ ആണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ സിനിമ. 2019-ൽ കാൻ ഫിലിം ഫെസ്റ്റിവലിലെ International Critics' Week വിഭാഗം പ്രസിഡന്റ് ആയിരുന്നു.




Universidad Nacional de Colombiaയിൽ ഫിലിംസ് ആൻഡ് ടെലിവിഷൻ പഠിച്ച ശേഷം 1998-ൽ ക്രിസ്റ്റിന ഗാലജോയുമായി ചേർന്ന്, ചേർന്ന് Ciudad Lunar Producciones സ്ഥാപിച്ചു. Silencio 1998, Alma (2000), Intento (2001), Terminal എന്നീ ചെറുചിത്രങ്ങളും ഡോക്യുമെന്ററികളുമാണ് തുടക്കകാലത്ത് ചെയ്തിരുന്നത് .



അദ്ദേഹത്തിന്റെ മൂന്ന് ഫീച്ചർ ചിത്രങ്ങളും (Wandering Shadows, The Wind Journeys, Embrace of the Serpent) കൊളംബിയയുടെ ഔദ്യോഗിക ഓസ്കാർ എൻട്രികൾ ആയി തെരഞ്ഞെടുത്തിരുന്നു.

മാർക്ക് റൈലൻസ്, ജോണി ഡെപ്പ്, റോബർട്ട് പാറ്റിൻസൺ എന്നിവർ അഭിനയിച്ച J. M. Coetzeeയുടെ നോവലിന്റെ പുനരാഖ്യാനമായ Waiting for the Barbarians, പ്രസിദ്ധ സിനിമയാണ്.




Wandering Shadows (2004) ആയിരുന്നു 23-ാം വയസ്സിലെ ആദ്യ ഫീച്ചർ ഫിലിം. 78-ാം അക്കാദമി അവാർഡിനുള്ള നാമ നിർദ്ദേശം ചെയ്യപ്പെട്ട ഈ കൊളംബിയൻ സിനിമ 15 അവാർഡുകളും സ്പെഷ്യൽ മെൻഷനുകളും നേടി.

The Wind Journeys (2009) എന്ന സിനിമ കാൻ ഫെസ്റ്റിവലിന്റെ Un Certain Regard സെക്ഷനിൽ മത്സരിച്ചു. 90-ലധികം ഫെസ്റ്റി വലുകളിൽ പ്രദർശിപ്പിച്ചു. നിരവധി അവാർഡുകൾ നേടിയെടുത്തു.
Embrace of the Serpent (2015) എന്ന സിനിമ 88-ആം അക്കാദമി അവാർഡിൽ കൊളംബിയൻ സിനിമയിൽ നിന്നുള്ള ആദ്യ നാമനിർദ്ദേശമായിരുന്നു. 28 രാജ്യ ങ്ങളിൽ റിലീസ് ചെയ്ത ഈ ചിത്രം കാൻ ഡയറക്ടേർസ് ' ഫോർട്ട്നൈറ്റിലെ Art Cinema Award നേടി.100-ലധികം ഫെസ്റ്റിവലുകളിൽ തിരഞ്ഞെടുക്കപ്പെട്ടു.Birds of Passage (2018) എന്ന ചിത്രം ഗാങ്ങ്സ്റ്റർ സിനിമ പോലെ തോന്നി ക്കുന്നെങ്കിലും വ്യത്യസ്തമായൊ ാരു കഥയുള്ളതാണ് . ഇത് ചിത്രീകരിച്ചത് La Guajira dessert ലാണ്.

പ്രാദേശിക ജനതയെ ക്യാമറക്കു മുന്നിൽ എത്തിച്ചു കൊണ്ട് തന്റെ കൊളംബിയൻ - ആഫിക്കൻ സിനിമകളിലൂടെ തങ്ങളുടെ തദ്ദേശീയ സംസ്കാരത്തെയും പരമ്പരാഗത അറിവുകളെയും ലോകത്തിന് സംഭാവന ചെയ്തു. ലോക ചലച്ചിത്രരംഗത്ത് കൊളംബിയൻ സിനിമയുടെ സ്ഥാനം ആത്മീയവും ധ്യാനനിരതവും എന്നാൽ രാഷ്ട്രീയ ബോധമുള്ളതുമായ ഒരു ദൃശ്യഭാഷ ശൈലി കൊണ്ട് സിറോ ഗുവേര അടയാളപ്പെടുത്തി.




October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-V



# കിഴവനും കടലും (Old Man and The Sea)



**സുരേഷ്കുമാർ.സി**
സെക്രട്ടറി ,
ബീം ഫിലിം സൊസൈറ്റി



വിശ്വസാഹിത്യകാരനായ ശ്രീ. ഏണസ്റ്റ് ഹെമിങ് വേയുടെ വിശ്വപ്രസിദ്ധമായ **Old Man and The Sea** എന്ന നോവലിന്റെ പദാനുപാത ചലച്ചിത്രാവിഷ്കാരമാണ് അമേരിക്കൻ സംവിധായകൻ ശ്രീ. ജോൺ സ്റ്റർഗ്സി ന്റെ അതേ പേരിലുള്ള സിനിമ. 1958 ൽ പുറത്തിറങ്ങിയ ഈ സിനിമ, ഈ നോവലിനെ പിൻപറ്റിയുള്ള ആദ്യ സിനിമ യുമായിരുന്നു.

ഋജുവായി കഥ പറഞ്ഞ ഹെമിങ് വേയുടെ രീതി തന്നെയാണ് സ്റ്റർഗ്സും പിന്തുടർന്നത്.

തോൽക്കാൻ മനസ്സില്ലാത്ത, കിഴവനായ ഒരു മനുഷ്യന്റെ ഇച്ഛാശക്തിയുടെ കരുത്താണ് നോവലിലും സിനിമയിലും ഒരേ തീക്ഷ്ണതയിൽ അവതരിപ്പിക്കപ്പെടുന്നത്. ക്യൂബൻ നഗരമായ ഹവാനയിലെ കടൽ തീരത്ത് ജീവിക്കുന്ന സാധാരണക്കാരായ മുക്കുവരിൽ ഒരാളാണ് 'സാന്റിയാഗോ ' എന്ന വൃദ്ധൻ. സാധാരണ പോലെ ഒറ്റയ്ക്ക് കടലിൽ മീൻ പിടിക്കാൻ പോകുകയാണ് അയാളുടെ രീതി. പതിനാലുകാരനായ 'മനോലിൻ' എന്ന പയ്യൻ സാന്റിയാഗോയുടെ ശിഷ്യനും സഹചാരിയുമായിരുന്നു.

കടൽ തീരത്ത് മത്സ്യ ബന്ധന വേല കളിൽ ഏർപ്പെടുന്ന മുക്കുവരുടെ സമീപ - വിദൂര ദൃശ്യങ്ങളിലൂടെയാണ് സിനിമ ആരംഭിക്കുന്നത്. ഒറ്റയ്ക്ക് ഒരു





പായ് വള്ളത്തിൽ തിരിച്ചെത്തുന്ന, നിരാശനും ക്ഷീണിതനുമായ സാന്റിയാ ഗോവിലേക്ക് നമ്മുടെ കാഴ്ച വന്നെത്തുന്നു. അന്നും ആ വള്ളം ശൂന്യമായിരുന്നു. ശൂന്യമായ വള്ളവുമായി കരയെത്തുന്ന തുടർച്ചയായ 84-ാം ദിവസമായിരുന്നു സാന്റിയാഗോയ്ക്കത്.
'ഭാഗ്യദോഷി'യായ സാന്റിയാഗോ യുമൊത്തുള്ള കടൽയാത്രയി ൽ നിന്നും രക്ഷാകർത്താക്കളാൽ വിലക്കപ്പെട്ടിരുന്നെങ്കിലും മനോലിൻ എന്ന കൂട്ടുകാരൻ പയ്യൻ കടൽ തീരത്ത് കാത്ത് നിൽപ്പുണ്ടായിരുന്നു. തുല്യവേദന യോടെ വള്ളം കരയ്ക്കടുപ്പിച്ച് തീരത്തെ കടയിലിരുന്ന് അവർ ബിയർ കുടിക്കുകയും വർത്തമാനം പറഞ്ഞിരിക്കുകയും ചെയ്യുന്നു. ചുറ്റുമുള്ളവരുടെ കളിയാക്കലുകളിൽ നിന്നും ആ 'കിഴവന്റെ' രക്ഷാകവച മായിരുന്നു പതിനാലുകാരൻ പയ്യന്റെ സാമീപ്യം.

വർത്തമാനത്തിലെ പ്രധാന കഥാപാത്രം എല്ലായ്പ്പോഴും ബേസ്ബോൾ താരമായ ഡിമാജിയോ (Di Magio)ആയിരുന്നു. ബേസ് ബോൾ കളിയുടെ ആരാധകനായ സാന്റിയാഗോയുടെ ഊർജ്ജ സ്രോതസ്സാ യിരുന്നു ഡി മാജിയോ എന്ന ഇതിഹാസ താരം. നിരാശയിലേക്ക് വഴുതി വീഴുന്ന സന്ദർഭങ്ങളിൽ പിന്നീടും ഡിമാജിയോ യുടെ ഓർമ്മകൾ സാന്റിയാഗോവിലേക്ക് എത്തുന്നത് നാം കാണുന്നുണ്ട്. രാത്രി യുറക്കത്തിൽ പക്ഷേ, സാന്റിയാഗോ കാണുന്നത് വിചിത്രവും പ്രസന്നവുമായ സ്വപ്നമാണ്. കടലിനെയോ മീനുകളെയോ കൂട്ടുകാരനായ മനോലിനെയോ പോലുമല്ല. ആഫ്രിക്കൻ കടൽ തീരത്ത് തുള്ളിച്ചാടി നടക്കുന്ന സിംഹക്കുഞ്ഞുങ്ങളാണ് ആ കിഴവന്റെ സ്വപ്നത്തിൽ നിറയുന്നത്. എന്നോ കരീബിയൻ ദേശത്ത് വന്നുപെട്ട ആഫ്രിക്കൻ കരുത്തിന്റെ പൂർവിക കഥകൾ കേട്ടുവളർന്നതാകാം ആ വൃദ്ധന്റെ ബാല്യ മനസ്സ്. നോവലിസ്റ്റും സംവിധായകനും അത് വിശദീകരിക്കുന്നില്ല. 85-ാം ദിവസം പുലർച്ചെ സാന്റിയാഗോ വീും കടലിലേക്ക് , ഒറ്റയ്ക്ക്. മനോലിൻ അഭിവാദ്യം ചെയ്ത് യാത്രയാക്കുന്നു.



മീൻ തേടി യാത്രയാകുന്ന കൊച്ചു വള്ളങ്ങൾ നിറഞ്ഞ പുലർകാല കടൽ ദൃശ്യം. ക്യാമറയും സംഗീതവും പരസ്പരം മത്സരിക്കുന്ന, കണ്ണിനെയും കാതിനെയും ആനന്ദഭരിതമാക്കുന്ന നിമിഷങ്ങൾ ! സാന്റിയാഗോ ഒറ്റയ്ക്ക് പുറം കടലിലേക്ക്...വഴിയിൽ തീരെ ചെറിയ ഒന്നുരണ്ടു മീനുകൾ ചൂണ്ടയിൽ കുരുങ്ങി യവയെ ഭക്ഷണത്തിനായി മാറ്റിവച്ച് വീണ്ടും മുന്നോട്ട്. ഒരു കടൽ കാക്കയിൽ നിന്നു കിട്ടിയ സൂചന കിഴവന്റെ കണ്ണുകളെ കടൽ വെള്ളം പോലെ തിളക്കമുള്ളതാക്കി. ഒരു വലിയ മീൻ തന്റെ പരിധിയിൽ ! ചൂണ്ടകൾ അയച്ച് വിട്ട് കടലനക്കാതെ, നിശ്ചലനായി സാന്റിയാഗോ കാത്തിരുന്നു. 84 ദിവസത്തെ ശൂന്യതയ്ക്ക് ശേഷം 85-ാം ദിനം ഒരു വലിയ മീൻ ആ കിഴവന്റെ ചൂണ്ടയിൽ കുടുങ്ങിയിരിക്കുന്നു ! എത്ര ശ്രമിച്ചിട്ടും അതിനെ അടുപ്പിക്കാൻ കഴിയുന്നില്ല. മീനിനോടൊപ്പം വള്ളവും മുന്നോട്ട് തന്നെ നീങ്ങുന്നു. ആ സന്തോഷ നിമിഷത്തിൽ മനോലി ന്റെ അസാന്നിദ്ധ്യം സാന്റിയാഗോയെ സങ്കടപ്പെടുത്തുന്നുണ്ട്. "I wish the boy was here "എന്ന് ആത്മഗതം ചെയ്യുന്നുണ്ട്. മനോലിനാകട്ടെ തീരത്ത് സാന്റിയാഗോയെ കാത്തിരിക്കുകയുമാണ്.

'മാർലിൻ 'എന്ന ഭീമാകാരനായ മീനാണ് ചൂണ്ടയിൽ കുടുങ്ങിയിരിക്കുന്നത്. കിഴവനായ സാന്റിയാഗോയുടെ ശേഷിക്കുമപ്പുറമാണ് മാർലിന്റെ ശക്തി. ചൂണ്ട വലിച്ച് വലിച്ച് കൈകൾ പൊട്ടി ചോരയൊലിച്ച് വൃണ സമാനമായി. അതിജീവനത്തിന് വേണ്ടിയുള്ള യുദ്ധം പോലെ സാന്റിയാഗോയും മീനും. സാന്റിയാഗോ പരാജിതനാവാൻ ഒരുക്കമല്ല. അതുപോലെ തന്നെ മീനും. കടലും കാലവും ലോകവും ജീവിതവും ഒക്കെ ഇടകലർന്ന ചിന്തകൾ. അപഗ്രഥനം . നിരീക്ഷണം. കണ്ടെത്തലുകൾ. സാന്റി യാഗോയുടെ ആത്മഗതം തുടരുന്നു...

രണ്ടു ദിവസത്തോളം പരസ്പരമുള്ള മൽപ്പിടുത്തം നാം കാണുന്നു. ഇടയ്ക്ക് മീനിനെ ആദരവോടെ അഭിസംബോധന ചെയ്യുന്നുണ്ട് ആ വൃദ്ധൻ. അപ്പോഴും അയാളുറപ്പിക്കുന്നു : ''but I will Kill you". 3-ാം ദിവസം രാവിലെയാകുമ്പോൾ ' മാർലിൻ 'വള്ളത്തിനടുത്തെത്തുന്നതായി സാന്റിയാഗോയ്ക്ക് അനുഭവപ്പെടുന്നു. താൻ ഇന്നുവരെ കിട്ടില്ലാത്തത്രയും വലുതാണ് ചൂണ്ടയിലുള്ളതെന്ന് അയാൾ ഉറപ്പിക്കുന്നു. ഒരു നിമിഷം 'ആർ ആരെ കൊല്ലും? 'എന്ന സന്ദേഹത്തിലടിപ്പെടുന്ന അയാൾ കുന്തമെറിഞ്ഞ് മാർലിനെ മാരക മായി പരിക്കേൽപ്പിക്കുന്നു. മെല്ലെ വരുതിയിലായ മീനുമായി സാന്റിയാഗോ , 87-ാം നാൾ, അഭിമാനത്തോടെ തിരികെ കരയിലേക്ക് മടങ്ങുന്നു.





എന്നാൽ തടസ്സങ്ങൾ ഒഴിഞ്ഞു പോയിരുന്നില്ല. വെള്ളത്തിൽ കലങ്ങിയ രക്തത്തിന്റെ മണം പിടിച്ച് ഒരു വലിയ സ്രാവ് ആക്രമിക്കാനെത്തുന്നു. വലിയ പരിശ്രമത്തിനൊടുവിൽ സ്രാവിനെ ആക്രമിച്ച് പിന്തിരിപ്പിച്ചെങ്കിലും മാർലിന്റെ 40 പൗണ്ട് കഷണവും കൊണ്ടാണ് സ്രാവ് പിൻവലിഞ്ഞത്. രക്തം മണത്ത് പിന്നെയും സ്രാവുകൾ വന്നു കൊണ്ടിരുന്നു. സാന്റിയാഗോ അവയോടുള്ള യുദ്ധം തുടർന്നു കൊണ്ടും.

സ്രാവുകൾ ഭക്ഷിച്ച് ഭക്ഷിച്ച് മാർലിൻ ഒരു അസ്ഥികൂടം മാത്രമായി മാറുന്നത് കണ്ട് നിരാശനായ വൃദ്ധൻ മാർലിനോട് മാപ്പിരക്കുന്നു. ഒരു 'മുക്കുവനായ തന്റെ ജോലിയാണ് നിന്നെ കൊല്ലുക എന്നത്. എന്നാൽ ഈ അവസ്ഥയിൽ എനിക്ക് വേദനയുണ്ട്.'




ശൂന്യമായ നാളുകൾക്ക് ശേഷം, താൻ പിടിച്ച വമ്പൻ മീനിന്റെ അസ്ഥികൂടവു മായി കിഴവനായ മുക്കുവൻ 87-ാം നാൾ രാത്രി തീരമണയുന്നു. നീളമുള്ള പാമരവും തോളിലേന്തി വേച്ചു വേച്ച് തെരുവിലൂടെ നടന്നുനീങ്ങുന്ന സാന്റിയാഗോയുടെ ദൃശ്യം കുരിശു ചുമന്ന് മലയിലേക്ക് നീങ്ങുന്ന യേശുവിനെ ഓർമ്മിപ്പിക്കുന്നു.

കടൽക്കരയിൽ കാഴ്ചക്കാർ അത്ഭുത ത്തോടെ മാർലിന്റെ അസ്ഥികൂടം കണ്ടു നിൽക്കുന്നു. മനോലിൻ വന്നു നോക്കു മ്പോൾ 'കിഴവൻ ' വീട്ടിനകത്ത് ക്ഷീണിച്ച് വീണുറങ്ങുകയാണ്. ആഹാരവുമായെത്തി വിളിച്ചുണർത്തി അവൻ തന്റെ കിഴവൻ കൂട്ടുകാരനുമായി വർത്തമാനം തുടങ്ങുന്നു. ബേസ്ബോൾ കഥകളുമായി അവർ പുതു നിമിഷങ്ങൾ സ്വന്തമാക്കാൻ ശ്രമിക്കുന്നു. " Journey that matters ; not the destination. 'മെല്ലെ ഉറക്കത്തിലേക്ക് വീഴുന്ന സാന്റിയാഗോ പതിവുപോലെ ആഫ്രിക്കൻ തീരത്തെ ചാടിക്കളിക്കുന്ന സിംഹക്കുഞ്ഞുങ്ങളെ സ്വപ്നം കണ്ടുറങ്ങുന്നു.

# ഏണസ്റ്റ് ഹെമിങ്‌വേ : ലോകസാഹിത്യത്തിലെ മണിമുഴക്കം



ഷീബ . എസ് . ജെയിംസ്
(ഫിൽക്ക)




നോബൽ സമ്മാനജേതാവായ ഒരു അമേരിക്കൻ കഥാകൃത്തും നോവലിസ്റ്റുമാണ് ഏണസ്റ്റ് ഹെമിങ് വേ . ജോൺ സ്റ്റൈൻബെക്ക് , വില്യം ഫോക്നർ, ഏണസ്റ്റ് ഹെമിങ് വേ എന്നിവർ അമേരിക്കയിലെ നോവലിസ്റ്റ് ത്രയം എന്നറിയപ്പെടുന്നു. 1954 – ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിക്കുകയുണ്ടായി.

സാഹസികതയിലും എഴുത്തിലും മുൻപന്തിയിൽ ആയിരുന്ന അദ്ദേഹത്തിന്റെ സംക്ഷിപ്തവും വ്യക്തവുമായ ഗദ്യശൈലി ഇരുപതാം നൂറ്റാണ്ടിൽ അമേരിക്കൻ – ബ്രിട്ടീഷ് ഫിക്ഷനിൽ ശക്തമായ സ്വാധീനം ചെലുത്തി.

ഡോക്ടർ ആയ ക്ലാരൻസ് എഡ്മ് ഹെമിങ് വേ യുടെയും, ഗ്രേസ്ഹാൾ ഹെമിങ് വേ യുടെയും ആദ്യമകനായി അമേരിക്കയിലെ ചിക്കാഗോയുടെ ഒരു പ്രാന്ത പ്രദേശത്താണ് ഏണസ്റ്റ് ഹെമിങ് വേ ജനിച്ചത്. ധാരാളം വായിക്കുന്ന പ്രകൃതക്കാരനായിരുന്ന ഏണസ്റ്റ് ഹൈസ്കൂൾ വിദ്യാഭ്യാസകാലം മുതൽ തന്നെ സ്കൂൾ മാസികയിൽ ലേഖനങ്ങളും കഥകളും എഴുതി തുടങ്ങി.

ഒന്നാം ലോകമഹായുദ്ധത്തിൽ സൈനികനാകുവാൻ ആഗ്രഹിച്ചെങ്കിലും കാഴ്ച്ച മോശമായതിനാൽ അതിന് കഴിഞ്ഞില്ല. എന്നാൽ റെഡ്ക്രോസിൽ ചേർന്ന് ആംബുലൻസ് ഡ്രൈവറായി അദ്ദേഹം ഇറ്റലിയിൽ യുദ്ധമുഖത്തെത്തി. ജർമ്മൻ മുന്നണിയിലും പിന്നീട് ഇറ്റാലിയൻ മേഖലയിലും എത്തിയ ഹെമിങ് വേയ്ക്ക് ഓസ്ട്രിയൻ ആക്രമണത്തിൽ പരിക്കേറ്റു. മുന്നണിയിൽ സേവനം ചെയ്യാൻ കഴിയാതെ അമേരിക്കയിൽ തിരിച്ചെത്തിയ അദ്ദേഹം പത്രപ്രവർത്തന രംഗത്തേക്ക് തിരിഞ്ഞു.1936 – 37 കാലഘട്ടത്തിൽ സ്പെയിനിലെത്തി അവിടത്തെ റിപ്പോർട്ടർ ആയി പ്രവർത്തിച്ചു. രണ്ടാം ലോക മഹായുദ്ധസമയത്തും യുദ്ധകാര്യ ലേഖകനായി പ്രവർത്തിച്ചു.




ലോകമഹായുദ്ധവും, സ്പാനിഷ് ആഭ്യന്തര സമരവും അദ്ദേഹത്തിന്റെ വീക്ഷണത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്തി.വിശ്വ പ്രസിദ്ധമായ കഥകളും നോവലുകളും അദ്ദേഹം എഴുതി. ഹെമിങ് വേ യ്ക്ക് ലോക പ്രശസ്തി നേടിക്കൊടുത്തത് ‘ ദ് ഓൾഡ് മാൻ ആൻഡ് ദി സീ ‘ ( The Oldman and the Sea ) എന്ന കൃതിയാണ്. 1953 – ൽ ഈ കൃതി പുലിസ്റ്റർ സമ്മാന ത്തിന് അദ്ദേഹത്തെ അർഹനാക്കി. ഇദ്ദേഹ ത്തിന്റെ രചനാശൈലി പിൽക്കാലത്ത് ഹെമിങ് വേ ശൈലി എന്നറിയപ്പെട്ടു.

പിന്നോട്ട് തിരിഞ്ഞു നോക്കുമ്പോൾ , ഒന്നാം ലോക മഹായുദ്ധം കഴിഞ്ഞ് , ഹെമിങ് വേ വിദേശ ലേഖകനായി ഫ്രാൻസിൽ എത്തിയപ്പോൾ പാരീസിലെ മറ്റ് അമേരിക്കൻ എഴുത്തുകാരുടെ ഉപദേശം ഉൾക്കൊണ്ട് തന്റെ പത്ര പ്രവർത്തനേതര കൃതികൾ അദ്ദേഹം അച്ചടിച്ചു തുടങ്ങി. 1925 – ൽ ആദ്യത്തെ പ്രധാന പുസ്തകമായ ‘ ഇൻ ഔർ ടൈം ‘ എന്ന കഥകളുടെ സമാഹാരം ന്യൂയോർക്ക് സിറ്റിയിൽ പ്രസിദ്ധീകരിച്ചു.


1926–ൽ അദ്ദേഹം ‘ ദി സൺ ആൾസോ റൈസസ് ‘എന്ന നോവൽ പ്രസിദ്ധീകരിച്ചു.





തന്റെ ആദ്യത്തെ ഉറച്ച വിജയം നേടിയത് ഈ നോവലിന്റെ പ്രസിദ്ധീകരണത്തി ലൂടെയാണ്. അമേരിക്കൻ എഴുത്തുകാര നായ ഷെർവുഡ് ആൻഡേഴ്സിന്റെ ‘ ഡാർക്ക് ലാഫർ ‘ എന്ന പുസ്തകത്തിന്റെ ഒരു പാരഡിയായ ഹെമിങ് വേ യുടെ ‘ ദി ടോറന്റ്സ് ഓഫ് സ്പ്രിംഗ് ‘ ഉം 1926 – ൽ പ്രത്യക്ഷപ്പെട്ടു.

ഒന്നാം ലോക മഹായുദ്ധസമയത്ത് ഇറ്റാലിയൻ ആംബുലൻസ് സർവീസിൽ സേവനമനുഷ്ഠിക്കുമ്പോൾ പരുക്കേറ്റതിനെ തുടർന്ന് ആശുപത്രിയിൽ ആയി. അദ്ദേഹത്തെ പരിചരിച്ച നഴ്സ് കാത്റിൻ ബാർക്കലിയു മായി ഹെമിങ് വേ പ്രണയത്തിലാവുകയും തുടർന്ന് അവർ ഗർഭിണി ആവുകയും ചെയ്തു. എന്നാൽ ആശുപത്രിയിൽ നിന്നും സുഖം പ്രാപിച്ചശേഷം അദ്ദേഹത്തിന് ജോലിയിലേക്ക് മടങ്ങേണ്ടി വന്നു. യുദ്ധത്തിന് ശേഷം ഒന്നിച്ച ദമ്പതികൾ അതിർത്തി കടന്ന് സ്വിറ്റ് സർലൻഡിൽ നിന്ന് ഇറ്റലിയിലേക്ക് പാലായനം ചെയ്തു. അവിടെ വച്ച് കാതറിനും കുഞ്ഞും പ്രസവസമയത്ത് മരിക്കുന്നു. തന്റെ ജീവിതത്തിലെ മഹത്തായ സ്നേഹം നഷ്ടപ്പെട്ടതിൽ നിരാശനായി ‘ ഫെയർ വെൽ ടു ആംസ്



'(ആയുധങ്ങളോട് വിട) എന്ന പ്രശസ്ത മയ കൃതി അദ്ദേഹം എഴുതി. ഈ പുസ്ത കത്തിന്റെ പ്രമേയവും അദ്ദേഹത്തിന്റെ പ്രണയകഥ തന്നെയാണ്. 1927- ലാണ് ഇത് രചിക്കുന്നത്.

പിന്നീട് അമേരിക്കയിൽ തിരിച്ചെത്തിയ അദ്ദേഹം മറ്റൊരു സ്ത്രീയെ വിവാഹം കഴിച്ചു. 4 തവണ വിവാഹം കഴിച്ച ഹെമിങ് വേ ലോകത്തോട് പറഞ്ഞതിങ്ങനെയാണ് 'എന്നെ നോക്കരുത്. എന്റെ വാക്കുകളെ നോക്കൂ '. 1927 - ൽ യുദ്ധവിരുദ്ധ പത്ര പ്രവർത്തകൻ ആയി ഹെമിങ് വേ സ്പെയിനിൽ എത്തി. സ്പെയിനിനോടുള്ള സ്നേഹവും കാളപ്പോരിനോടുള്ള അഭിനിവേശവും ' ഡെത്ത് ഇൻ ദി ആഫ്മർ നൂൺ ' എന്ന നോവലിന്റെ രചനയിൽ കലാശിച്ചു. ഒരു കായിക വിനോദം എന്നതിലുപരി ഒരു ദുരന്തചടങ്ങായി കണ്ട ഒരു കാഴ്ചയുടെ പഠനമായിരുന്നു ഈ നോവലിന്റെ രചനയ്ക്ക് കാരണമായത്.

1935 - ൽ ടാൻഗാൻയികയിൽ എത്തി യപ്പോൾ അവിടത്തെ വലിയ മൃഗങ്ങളെ വേട്ടയാടുന്നത് കാണാനിടയായി. അതേ കുറിച്ച് എഴുതിയ ഒരു വിവരണം 'സഫാരി ഗ്രീൻ ഹിൽസ് ഓഫ് ആഫ്രിക്ക ' എന്ന കഥയായിമാറി .മത്സ്യബന്ധനത്തിനായി ഫ്ലോറിഡയിലെ കീ വെസ്റ്റിൽ അദ്ദേഹം ഒരു വീട് വാങ്ങി. സ്വന്തമായി ഒരു മത്സ്യബന്ധനബോട്ടും വാങ്ങി.

1937 - ൽ പുറത്തിറങ്ങിയ ' ടു ഹാവ് ആൻഡ് ഹാവ് നോട്ട് ' എന്ന ചെറിയ നോവൽ ഒരു കരീബിയൻ നിരാശയെ കുറിച്ചാണ് പറയുന്നത്. മഹാ മാന്ദ്യ കാലത്തെ കീ വെസ്റ്റിലെ താഴ്ന്ന വർഗ്ഗക്കാരുടെ അക്രമത്തിന്റെയും ഉയർന്ന വർഗ്ഗക്കാരുടെ അധഃപതന ത്തിന്റെയും പശ്ചാത്തലത്തിലാണ് ഇത് സജ്ജീകരിച്ചിരിക്കുന്നത്.


സ്പെയിൻ ആഭ്യന്തര യുദ്ധത്തിന്റെ നടുവിൽ ആയിരുന്ന സമയത്താണ് അദ്ദേഹത്തിന്റെ സ്പെയിനിലെ ജീവിതം. യുദ്ധത്തിലും സമാധാനത്തിലും ഹെമിങ് വേ യുടെ സ്പെയിനിനെ കുറിച്ചുള്ള ഗണ്യമായ അനുഭവത്തിന്റെ വിളവെടുപ്പ് ' For whom the bell tolls (1940) ആയിരുന്നു. എന്നാൽ ചില നിരൂപകർ ' എ ഫയർ വെൽ ടു ആംസ് ' ന് മുൻഗണന നൽകുന്നു . വിൽപ്പനയിൽ മുൻപന്തിയിൽ നിന്ന നോവലായിരുന്നു അത്.

യൂറോപ്പിലെ യുദ്ധത്തിന് ശേഷം ഹെമിങ് വേ ക്യൂബയിലെ തന്റെ വീട്ടിലേക്ക് മടങ്ങി. യാത്രകൾ നടത്തി. ആഫ്രിക്കയിലേക്കുള്ള യാത്രയിൽ ഒരു വിമാന അപകടത്തിൽ പരിക്കേറ്റു. 1953 - ൽ വൃദ്ധ- ക്യൂബൻ മത്സ്യതൊഴിലാളികളെ കുറിച്ച് എഴുതിയ ' ദി ഓൾഡ് മാൻ ആൻഡ് ദി സീ ' എന്ന ഹൃസ്വ വീര നോവലിന് ഫിക്ഷനുള്ള പുലിറ്റ്സർ സമ്മാനം ലഭിച്ചു. 1954 -ൽ ഈ പുസ്തകം സാഹിത്യത്തിനുള്ള നോബൽ സമ്മാനവും നേടി.

1960 ആയപ്പോഴേക്കും ഹെമിങ് വേ ക്യൂബ വിട്ട് ഇഡാഹോയിലെ കൊച്ചത്തിൽ സ്ഥിര താമസമാക്കി. അതിനിടയിൽ ഉത്കണ്ഠയും, വിഷാദവും അലട്ടിയ അദ്ദേഹത്തെ രണ്ട് തവണ ആശുപത്രയിലാക്കി. ഇലക്ട്രിക് ഷോക്ക് നൽകി. ആശുപത്രിയിൽ നിന്ന് വീട്ടിലെത്തി രണ്ട് ദിവസത്തിന് ശേഷം അദ്ദേഹം തോക്കെടുത്ത് സ്വയം വെടിവച്ച് ആത്മഹത്യ ചെയ്തു.

ഹെമിങ് വേയുടെ നോവലിലെ കഥാ പാത്രങ്ങൾ സ്വന്തം മൂല്യങ്ങളും ജീവിത വീക്ഷണങ്ങളും ഉൾക്കൊള്ളുന്നതായിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ നോവൽ 'മണി മുഴങ്ങുന്നത് ആർക്ക് വേണ്ടി '(For whom the bell tolls ) എന്ന നോവലിൽ ആദർശങ്ങൾക്ക് വേണ്ടി ജീവിക്കുന്ന കേന്ദ്ര കഥാപാത്രം റോബർട്ട് ജോർദാൻ ഫ്രാങ്കോയ്ക്ക് എതിരെ ഒളിയുദ്ധം ചെയ്യുന്നതും മരിയ എന്ന യുവതിയുമായി പ്രണയത്തിലാവുന്നതും ഒടുവിൽ മരിക്കുന്നതും ആണ് കഥ. ഈ നോവലിൽ ആത്മഹത്യയെ ഭീരുത്വ മായി ആണ് അദ്ദേഹം വിശേഷിപ്പിക്കുന്നത്. എന്നാൽ ജീവിതത്തിൽ അദ്ദേഹം ആത്മഹത്യ ചെയ്തു എന്നത് ഒരു വൈരുധ്യമായി നിലനിൽക്കുന്നു.

ആയുസ്സിന്റെ പകുതി ഭാഗവും അദ്ദേഹം ചെലവഴിച്ചത് ക്യൂബയിൽ ആണ്. അതു കൊണ്ട് എല്ലാ വർഷവും അദ്ദേഹത്തിന്റെ പേരിൽ ക്യൂബയിൽ മീൻപിടുത്ത മത്സരം നടത്തുന്നു. ആധുനിക അമേരിക്കൻ സാഹിത്യത്തിലെ ശ്രദ്ധേയൻ എന്ന നിലയ്ക്ക് ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന രണ്ട് ഫൗണ്ടേഷനുകളും അദ്ദേഹത്തി നുണ്ട്. ജൂലൈയിൽ അദ്ദേഹത്തിന്റെ ജന്മദിന ആഴ്ചയിൽ നടക്കുന്ന വാർഷിക ഹെമിങ് വേ ദിനാഘോഷം ലോക മെമ്പാടുമുള്ള ആയിരക്കണക്കിന് സന്ദർശകരെ എല്ലാ വർഷവും ആകർഷിക്കുന്നു. ●



# ജോൺ സ്റ്റർജസ് -The Old Man and the Sea എന്ന ചിത്രത്തിന്റെ സംവിധായകൻ



മിഥില
(ഫിൽക്ക)




നോബൽ സമ്മാന ജേതാവായ എർണസ്റ്റ് ഹെമിങ്‌വേ യുടെ ചെറുനോവലായ The Old Man and the Sea ജോൺ സ്റ്റർജസ് 1958 ലാണ് സംവിധാനം ചെയ്തത് . സ്പെൻസർ ട്രേസിയുടെ അഭിനയത്തിന് നിരൂപക പ്രശംസ ലഭിച്ചിരുന്നു .

കൃത്യതയും ഉണർവുമുള്ള യുദ്ധചിത്ര ങ്ങളും വെസ്റ്റേൺ ചിത്രങ്ങളും ജോൺ സ്റ്റർജസ് എന്ന സംവിധായകന്റെ പ്രത്യേ കതയായിരുന്നു. അദ്ദേഹത്തിന്റെ പ്രശസ്ത ചിത്രങ്ങളിൽ Bad Day at Black Rock (1955), The Magnificent Seven (1960), The Great Escape (1963) എന്നിവ ഉൾപ്പെടുന്നു. അമേരിക്കയിലെ ഇലിനോയിസിലെ ഓക്ക് പാർക്കിൽ 1910 ജനുവരി 3 ന് ജോൺ സ്റ്റർജസ് ജനിച്ചു . കോളേജ് ഓഫ് മാരിൻ-ൽ ഫുട്ബോൾ സ്കോളർ ഷിപ്പിൽ പഠിച്ചു. 1932-ൽ അദ്ദേഹം ഒരു സ്റ്റുഡിയോയിൽ ചേർന്ന് ബ്ലൂപ്രിന്റ് വിഭാഗത്തിലും ആർട്ട് വിഭാഗത്തിലും ജോലി തുടങ്ങി. പിന്നീട് ഡേവിഡ് ഒ. സെൽസ്നിക്ക് യുടെ പ്രൊഡക്ഷൻ അസിസ്റ്റന്റായി പ്രവർത്തിച്ചു . അവിടെ ഒരു ഫിലിം എഡിറ്റർ ആകുകയും ചെയ്തു. രണ്ടാം ലോകമഹായുദ്ധകാലത്ത് സ്റ്റർജസ് യു.എസ്. ആർമി എയർ കോർപ്സിൽ ക്യാപ്റ്റൻ ആയിരുന്നു. അദ്ദേഹം 40-ൽ കൂടുതൽ ഡോക്യുമെന്ററികൾ സംവിധാനം ചെയ്തു. അവയിൽ ഏറ്റവും പ്രശസ്തമായത് Thunderbolt എന്നതാണ്. ഇത് അദ്ദേഹം വില്യം വൈലർനൊപ്പം സംവിധാനം ചെയ്തു. 1945-ൽ ഈ ചിത്രം സൈനി കർക്കായി പ്രദർശിപ്പിച്ചെങ്കിലും, തിയറ്ററുകളിൽ റിലീസ് ചെയ്തത് രണ്ട് വർഷങ്ങൾക്ക് ശേഷമായിരുന്നു.

യുദ്ധം കഴിഞ്ഞതോടെ സ്റ്റർജസ് കൊളംബിയ പിക്ചേഴ്സ് കമ്പനിയുമായി കരാർ ഒപ്പുവച്ചു. അദ്ദേഹം വിവിധ വിഭാഗ ത്തിലുള്ള ചിത്രങ്ങൾ സംവിധാനം ചെയ്തു. The Man Who Dared, Shadowed, Alias Mr.






Twilight (1946) എന്നീ സിനിമകൾ കുറഞ്ഞ ബജറ്റിൽ തയ്യാറാക്കിയ ക്രൈം ഡ്രാമ കളായിരുന്നു. 1947-ൽ അദ്ദേഹം For the Love of Rusty bpw Keeper of the Bees ഉം സംവിധാനം ചെയ്തു. കുട്ടികളുടെ കഥ കളെ ആസ്പദമാക്കിയ ഹ്യൂമൻ-ഇന്ററെസ്റ്റ് ചിത്രങ്ങളാണവ . Best Man Wins (1948) എന്ന ചിത്രം മാർക്ക് ടൈ്വയിൻ എഴുതിയ 'The Celebrated Jumping Frog of Calaveras County" എന്ന കഥയെ ആസ്പ ദമാക്കിയുള്ള തായിരുന്നു.

1948-ലെ The Sign of the Ram എന്ന ചിത്ര ത്തിൽ സൂസൻ പീറ്റേഴ്സ് വീൽചെയറി ലിരുന്ന ഒരു സ്ത്രീയായി അഭിനയിച്ചു. തന്റെ ദൗർബല്യം ഉപയോഗിച്ച് കുടുംബ ത്തെ നിയന്ത്രിക്കുന്ന കഥാപാത്രം. 1949-ൽ സ്റ്റർജസ് തന്റെ ആദ്യത്തെ വെസ്റ്റേൺ ചിത്രം The Walking Hills സംവിധാനം ചെയ്തു . മരുഭൂമിയിലെ സ്വർണ്ണ ഭണ്ഡാരങ്ങൾ തേടുന്നവരുടെ കഥ. തുടർന്ന് The Capture (1950) എന്ന വെസ്റ്റേൺ ഡ്രാമ സംവിധാനം ചെയ്തു. ലൂ അയേഴ്സ്, തെരേസ റൈറ്റ് എന്നിവർ പ്രധാന വേഷങ്ങളിൽ അഭിനയിച്ചു .

സ്റ്റർജസ് പിന്നീട് MGMലേക്ക് മാറി. അവിടെ Mystery Street (1950) സംവിധാനം ചെയ്തു. ബോസ്റ്റണിലെ ഒരു കൊല പാതക കേസിനെ അന്വേഷിക്കുന്ന ഒരു ഡിറ്റക്ടീവിന്റെയും ഹാർവാഡിലെ ഫോറൻസിക് വിദഗ്ധന്റെയും കഥ. Right Cross (1950) എന്ന ചിത്രമാവട്ടെ ബോക്സിംഗ് വിഷയത്തിലുള്ളതായിരുന്നു. അതേ വർഷം പുറത്തിറങ്ങിയ The Magnificent Yankee (1950) പ്രശസ്ത അമേരിക്കൻ ജസ്റ്റിസ് ഓലിവർ വെൻഡൽ ഹോംസ് ജൂനിയറിന്റെ ജീവിതകഥയായിരുന്നു.

1951-ലെ Kind Lady ഒരു ത്രില്ലർ ചിത്രമാണ് . The People Against O'Hara (1951) എന്ന ചിത്രത്തിൽ സ്പെൻസർ ട്രേസി ഒരു കൊലക്കേസിലെ അഭിഭാഷകനായി അഭിനയിച്ചു.തുടർന്ന് സ്റ്റർജസ് It's a Big Country (1951) എന്ന ചിത്രത്തിലെ ഒരു എപ്പിസോഡ് സംവിധാനം ചെയ്തു. The Girl in White (1952) ന്യൂയോർക്കിലെ ആദ്യ വനിതാ ഡോക്ടർ എമിലി ഡണ്ണിങ്ങിന്റെ ജീവിതകഥയായിരുന്നു. Jeopardy (1953) മെക്സിക്കോയിൽ അവധിക്കാലത്ത് ഒരു കൊലയാളിയാൽ ഭീഷണിയിലാകുന്ന ഒരു സ്ത്രീയെക്കുറിച്ചുള്ള ത്രില്ലർ ആയിരുന്നു.

Escape from Fort Bravo (1953) അദ്ദേഹ ത്തിന്റെ മികച്ച വെസ്റ്റേൺ ചിത്രങ്ങളിൽ ഒന്നാണ് .1955-ലെ Bad Day at Black Rock



സ്റ്റർജസിന്റെ കരിയറിലെ നിർണായക നാഴികക്കല്ല് ആയി. യുദ്ധാനന്തരകാലത്ത് ജാപ്പനീസ് വിരുദ്ധതയെക്കുറിച്ചുള്ള ഈ മാനസിക വെസ്റ്റേൺ അദ്ദേഹത്തിന് ഓസ്കർ നാമനിർദേശം നേടിക്കൊടുത്തു. അതേ വർഷം പുറത്തിറങ്ങിയ Underwater! അത്ര വിജയകരമായില്ല. The Scarlet Coat (1955) അമേരിക്കൻ വിപ്ലവകാലത്ത് നടന്ന ചാരപ്രവർത്തനത്തിന്റെ കഥയായിരുന്നു.

സ്റ്റർജസ് പിന്നീട് Paramount Pictures ൽ ചേർന്നു. അവിടെ Gunfight at the O.K. Corral (1957) സംവിധാനം ചെയ്തു . വയറ്റ് എർപ്പ്യും ഡോക്ക് ഹോളിഡേയും തമ്മിലുള്ള പ്രശസ്ത പോരാട്ടത്തെ ആസ്പദമാക്കിയ ചിത്രം. ഈ ചിത്രം വൻവിജയമായി മാറി.അദ്ദേഹത്തിന്റെ Last Train from Gun Hill (1959) മികച്ച വെസ്റ്റേൺ ചിത്രങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. 1960-ൽ അദ്ദേഹം The Magnificent Seven സംവിധാനം ചെയ്തു . അകിറ കുരോസാവയുടെ Seven Samuraiയുടെ അമേരിക്കൻ റീമേക്ക്. സ്റ്റീവ് മക്വീൻ, ചാൾസ് ബ്രോൺസൺ, യൂൾ ബ്രിന്നർ എന്നിവരാണ് പ്രധാന അഭിനേതാക്കൾ. ചിത്രം വൻവിജയമായിരുന്നു.

തുടർന്ന് അദ്ദേഹം The Great Escape (1963) സംവിധാനം ചെയ്തു. രണ്ടാം ലോകമഹായുദ്ധകാലത്ത് തടവുകാരായ സൈനികർ ജയിലിൽ നിന്ന് രക്ഷപ്പെടാൻ ചെയ്യുന്ന ശ്രമത്തെക്കുറിച്ചുള്ള കഥ. സ്റ്റീവ് മക്വീൻ, ജെയിംസ് ഗാർണർ, റിച്ചാർഡ് അറ്റൻബറോ തുടങ്ങിയവർ അഭിനയിച്ചു.

1965-ൽ അദ്ദേഹം The Satan Bug (ഒരു വൈറസ് മോഷണ ത്രില്ലർ), The Hallelujah Trail (വെസ്റ്റേൺ കോമഡി), Hour of the Gun (1967), Ice Station Zebra (1968) തുടങ്ങിയ ചിത്രങ്ങൾ സംവിധാനം ചെയ്തു. 1972-ൽ അദ്ദേഹം Joe Kidd സംവിധാനം ചെയ്തു . അതിൽ ക്ലിന്റ് ഈസ്റ്റ്‌വുഡ് നായകനായി. തുടർന്ന് Chino (1973) യും McQ (1974)യും സംവിധാനം ചെയ്തു. 1976-ലെ The Eagle Has Landed അദ്ദേഹത്തിന്റെ അവസാന പ്രധാന ചിത്രം ആയിരുന്നു. കാലിഫോർണിയയിൽ 1992 ഓഗസ്റ്റ് 18 ന് അദ്ദേഹം അന്തരിച്ചു .

ആക്ഷൻ, വെസ്റ്റേൺ, യുദ്ധചിത്രങ്ങൾ എന്നിവയുടെ ലോകത്ത് ശില്പിയായി കണക്കാക്കപ്പെടുന്ന ഒരു സംവിധായകനായിരുന്നു ജോൺ സ്റ്റർജസ് . ശക്തമായ കഥാപാത്രനിർമ്മാണവും ഉണർവ്വേറിയ കഥാപ്രവാഹവും അദ്ദേഹത്തിന്റെ ചിത്രങ്ങളുടെ മുഖമുദ്രയാണ് .



October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-V
KSFDC
filca



കവിത

# കിഴവനും കടലും



പുഷ്പ അനിൽ
( ഫിൽക്ക)

കടലിന്റെ ഹൃദയത്തുടിപ്പറിഞ്ഞ്
ഉപ്പിന്റെ മധുരം നുണഞ്ഞ്
പൂർവ്വകാല സ്മൃതികളിൽ
ഹവാനയുടെ തീരങ്ങളിൽ
സിംഹക്കുട്ടികളുടെ ഉല്ലാസം
സ്വപ്നം കണ്ടു ചിരിച്ചവൻ
നീലവിസ്തൃതിയിലൊരു തോണിയിലേറി
ആഴങ്ങളോട് കഥപറഞ്ഞ്
മത്സ്യജാലത്തിൻ കേളികണ്ട് വളർന്നവൻ
വൃദ്ധനാം സാന്റിയാഗോ .

ചൂണ്ടയിലൊരു ഭാഗ്യവും കുരുങ്ങാത്ത
വ്യഥയിലേകാന്ത ദിനരാത്രങ്ങളിൽ
വിധിയുടെ നിഗൂഢഭാവങ്ങളിലൊരു
തപ്തതിരമാലയായലഞ്ഞി
രയായി മാറുന്നൊരു വേട്ടക്കാരൻ
വൃദ്ധനാം സാന്റിയാഗോ.

അനന്തവ്യാപ്തിയിലിനിയും നിധികളുണ്ടെന്ന്
പകലിനോട് രഹസ്യം പറഞ്ഞ്
കരീബിയൻ കടലിന്റെ കിനാക്കളിൽ
ചായം പകർന്നവൻ .

പതിവുപോൽ വെറുംകയ്യോടെ
കരയിലെത്തി നിരാശിതൻ ക്ഷീണിതൻ
സാന്റിയാഗോ
എൺപത്തിനാലാം ദിനത്തിൽ.

ആശ്വാസമായി മനോലിൻ
പതിന്നാലുകാരൻ കൊച്ചുകൂട്ടുകാരൻ.
വൃദ്ധനുമൊത്തുള്ള കടൽയാത്ര
കുടുംബത്താൽ വിലക്കപ്പെട്ടവൻ .
പരിഹാസമുള്ളുകൾക്കിടയിൽ
ഇരുവരും
കടലിന്റെ മായാനിധി പിന്നെയും
സ്വപ്നം കാണുന്നു.

വീണ്ടുമേകനായ് കടലിന്റെ നീലിമയിൽ
യാത്രയാകും പുലർവേളയിൽ
സാന്റിയാഗോയ്ക്ക് അഭിവാദ്യസുസ്മിതം
നേരുന്നു മനോലിൻ.

കുളിർക്കാറ്റടിക്കുന്നു തോണിയിൽ
വിളക്കണയുന്നു
ഭക്ഷണത്തിനായ് രണ്ടു മൂന്നു മീനുകൾ
ചൂണ്ടയിൽ കുടുങ്ങീടവേ
വീണ്ടും മുന്നോട്ടു പോകും നേരം
കടൽക്കാക്ക നൽകുന്നു ശുഭസൂചന.

കണ്ണുകൾക്കു തിളക്കമുള്ളതാക്കിത്തീർത്തതാം
അവിശ്വസനീയം
തന്റെ പരിധിയിലൊരു
കൂറ്റൻ മാർലിൻ മത്സ്യം !

ചൂണ്ടകൾ വീശിയെറിഞ്ഞ്
കടലനക്കാതെ നിശ്ചലനാം തന്റെ

കാത്തിരിപ്പിനൊടുവിൽ
ചൂണ്ടയിൽ കുടുങ്ങുന്നു ഭീമൻ മാർലിൻ.
പരിശ്രമം വിഫലമാവുന്നു
മനുഷ്യനതീതമാം
ശക്തിയെനേരിടാൻ
പടമീനിനൊപ്പം
വള്ളവും മുന്നോട്ടു നീങ്ങുന്നു.

ജീവിതത്തിൻ ദൂരപരിധി മായുന്നു
അനന്തമദൃശ്യവിദൂരതയിൽ
ജീവിതത്തിനർത്ഥം തേടുന്നു.
ഒരു നൊമ്പരമായ് മനോലിന്നസാന്നിദ്ധ്യം
സാന്റിയാഗോയിലാത്മഗതം പൊഴിക്കുന്നു.

ഒരുനാൾ വലയിലൊതുങ്ങും പിടിതരാത്ത
സ്വപ്നങ്ങൾ
മുന്നേറുക മനുഷ്യാ,
ദൃഢവിശ്വാസപൂർവ്വം
അതാണതാണ്, അതുതന്നെയാണ്
ജീവിതം.

ചോരയൊലിച്ച്
വ്യണസമാനമാം കൈകൾ
ചൂണ്ട വലിച്ചുവലിച്ച് നീറുന്നു,
സാന്റിയാഗോതൻ
ശേഷിക്കുമപ്പുറം മാർലിൻ
ഭീമനൊരു ജേതാവിനെപോലുൾക്കടലി
ലേക്ക് തുള്ളിപ്പായുന്നു
അപൂർവ്വമൊരു ഇരയുമായി.

കടലും കാറ്റും ചോദിക്കുന്നു
ആരാണിര?
ആരാണ് ജയിപ്പവൻ ?
ആര് തോൽക്കുമീ ജീവനപ്പോരാട്ടത്തിൽ?
യുദ്ധം അനിവാര്യത പോലെ
സാന്റിയാഗോയും മീനും
പരാജിതരാവാതെ യുദ്ധം തുടരുന്നു ...


തളരുന്നു താരകങ്ങൾ പൊഴിഞ്ഞുവീഴുന്നു .
പ്രതീക്ഷ തൻ ഉൾക്കരുത്തിൽ ആരാരെ
കൊല്ലുമെന്ന സന്ദേഹത്താൽ വിറയ്ക്കുന്നു
പകലിരവുകൾ .

കുന്തമെറിഞ്ഞിരയെ പരുക്കേൽപ്പിക്കാൻ
പാടുപെടുന്നു
ധീരൻ സാന്റിയാഗോ.
പടഹകാഹളം മുഴക്കുന്നു തിരകൾ
ജലദുന്ദുഭി കൊട്ടുന്നു
മിന്നലും മഴയും
താണ്ഡവ താളമാടുന്നു
പൊൻവെയിൽ പാമരങ്ങളും .

തളരുന്നു, മുറിവേറ്റുവലയുന്നു,
പരാജയമേറ്റുവാങ്ങുന്നു,രക്തസാക്ഷിയായി
ജീവൻ വെടിയുന്നു ,
ബന്ധിതനാവുന്നു മാർലിൻ.

പ്രകൃതിയെ വെല്ലിട്ടു ജയിച്ച്
കരയിലേക്കു മടങ്ങുന്നു
വൃദ്ധൻ സാന്റിയാഗോ
അഭിമാനമോദത്തോടെ
ആശിച്ചു പോകുന്നു, കൂടെയുണ്ടായിരുന്നെങ്കിൽ
പ്രിയ കൂട്ടുകാരൻ മനോലിൻ !

പ്രതിബന്ധങ്ങൾ തരണം ചെയ്തെന്ന്
നിനച്ചിരിക്കുമ്പോൾ
ഓർക്കുക, ഭാഗ്യനിർഭാഗ്യങ്ങൾ എപ്പോഴും
കാത്തിരിക്കുന്നു,
വെള്ളത്തിൽ കലങ്ങിയ രക്തത്തിൻ
മണത്താൽ
വൻസ്രാവിതാ പാഞ്ഞടുത്തു കാർന്നു
തിന്നുന്നു
കൂറ്റൻ മാർലിനെ !



October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-V


വീണ്ടും വിധിയോടേറ്റുമുട്ടുന്നു
കുന്തവും തുഴയുമായി സാന്റിയാഗോ
ജീവിതമൊരു സമരകഥ .

നാൽപത് പൗണ്ട് കഷ്ണത്താൽ സ്രാവ്
പിൻവലിഞ്ഞുവെങ്കിലും
ആശ്വസിക്കാനൽപ്പം നനവ് ശ്വസിക്കുമ്പോൾ
വരുന്നു പിന്നാലെ വീണ്ടും സ്രാവുകൾ
ഇരയ്ക്കായി യുദ്ധം തുടരുന്നു
വിട്ടുകൊടുക്കില്ല അദ്ധ്വാനമഹത്വത്തിൻ
സമ്പാദ്യമെന്ന് വൃദ്ധനും വാശിയോടെ .
സ്രാവുകൾക്ക് മുന്നിൽ നിസ്സഹായനാവുന്നു
സാന്റിയാഗോ കാണുന്നു
ഭീമൻ മത്സ്യത്തിൻ
അസ്ഥിപഞ്ജരം !

വിധിയുടെ തിരകൾ ആർത്തുവിളിക്കുന്നു
മനുഷ്യന്റെ ജയപരാജയങ്ങൾ
ആഹ്ലാദ ദുഃഖങ്ങൾ അർത്ഥങ്ങൾ
അർത്ഥമില്ലായ്മകൾ .

വിതുമ്പുന്നു അസ്ഥിപഞ്ജരം നോക്കി
നിരാശനാം വൃദ്ധന്റെ മാപ്പിരക്കൽ
മുക്കുവനാമെൻ ജോലിയാണ് നിന്നെ
കൊല്ലുകയെങ്കിലും
എനിക്കേറെ വേദനയുളവാക്കുന്നു
നിന്റെയീയവസ്ഥയും.

ശൂന്യമാം നാളുകൾക്കു ശേഷമാ മുക്കുവൻ
എൺപത്തിയേഴാം നാൾ തീരമണയവേ
ഓർമ്മതൻ തിരകളിൽ വിഹരിക്കുന്നു
പുലരുമിനിയും വാസരങ്ങൾ .
ഭാരമേറും പാമരം തോളിലേന്തി
വേച്ചുവേച്ചു നീങ്ങുന്നു
ഇരുൾമായും തെരുവിലൂടെ
കുരിശും ചുമന്നു
ഗാഗുൽത്തയിലേക്കെന്നപോലെ.

അത്ഭുതസ്തബ്ദരാം കാഴ്ചക്കാർ
തൻ കൗതുകം
തോണിയിൽ കെട്ടിയ
കൂറ്റൻ മാർലിന്നസ്ഥികൂടവും
അടർന്ന കണ്ണും നീണ്ടകൊമ്പും

ബേസ്ബോൾ വീരകഥകളുടെ
വർണ്ണക്കനവിൽ
മയങ്ങുന്നു ക്ഷീണിതൻ
സാന്റിയാഗോ കുടിലിൽ .
കൊച്ചുകൂട്ടുകാരൻ മനോലിനുമൊത്ത്
പ്രാതൽ കഴിച്ചു
മെല്ലെ നിദ്രപൂകുന്നു
സാന്റിയാഗോ
പതിവ് സ്വപ്നത്തോടൊപ്പം .

പൂർവ്വകാല സ്മൃതിതീരത്ത് ചാടിക്കളിക്കുന്നു
സിംഹക്കുട്ടികൾ .....
ചില്ലു പൂക്കളിൽ ചിലതോർത്ത്
ചിരിക്കുന്നു ഏണസ്റ്റ് ഹെമിങ്‌വേ.....



(പ്രതികരണം)

# വിശ്വപ്രസിദ്ധ സാഹിത്യകൃതികളെ ആസ്പദമാക്കിയുള്ള ചലച്ചിത്രമേളയുടെ നാലാം ഭാഗം



ജോൺ തോമസ്
(ഫിൽക്ക)

ഫിൽക്ക ഫിലിം സൊസൈറ്റിയുടെ ഇരുപത്തിയഞ്ചാം വാർഷിക ത്തോടനുബന്ധിച്ച് വിശ്വപ്രസിദ്ധ സാഹിത്യ കൃതികളെ അവലംബിച്ചുള്ള ഇരുപത്തിയഞ്ച് സിനിമകളുടെ പ്രദർശന പരമ്പരയിലെ മൂന്ന് സിനിമകൾ അടങ്ങുന്ന നാലാം ഭാഗം 2025 സെപ്റ്റംബർ മാസം മുപ്പതാം തീയതി ജോയിന്റ് കൗൺസിൽ എ.സി ഹാളിൽ സ്ക്രീനിങ് ചെയ്തു.

ഇരുപതാം നൂറ്റാണ്ടിലെ സാഹിത്യ രചന യുടെ ഗതിമാറ്റത്തിന് നാന്ദി കുറിച്ച മൂന്നെഴുത്തുകാരുടെ മൂന്ന് കൃതികളെ - ഒരുനോവൽ, ഒരു നീണ്ട കഥ, ഒരു നാടകം - ആസ്പദമാ ക്കിയുള്ള മൂന്ന് സിനിമ കളാണ് തദവസരത്തിൽ പ്രദർശിപ്പിച്ചത്.

സ്വത്വപ്രതിസന്ധി നേരിടുന്ന കഥാ പാത്രങ്ങളും പ്രമേയവും ഉൾക്കൊള്ളുന്ന ഇത്തരം ഒരു ചലച്ചിത്ര പാക്കേജ് കേരളത്തിലെ ഒരു ഫിലിം സൊസൈറ്റിയെ സംബന്ധിച്ച് ആദ്യമായിട്ടായിരിക്കും എന്ന് തോന്നുന്നു. അതിലുപരിയായി മേളയിൽ ഉൾപ്പെടുത്തിയ സിനിമകളെക്കുറിച്ച് പ്രത്യേകിച്ച് അവയ്ക്കാസ്പദമായ സാഹിത്യ കൃതികൾ രൂപം കൊള്ളാനിടയായ ചരിത്ര പശ്ചാത്തലം, അവയുടെ സൗന്ദര്യ ശാസ്ത്രപരമായ പ്രാധാന്യം, സംവിധാ യകരുടെ ലഘു ജീവചരിത്രം, അവതരി പ്പിക്കപ്പെട്ട സിനിമകളുടെ കഥാതന്തു വും വിലയിരുത്തലും എന്നിവയെല്ലാം അടങ്ങുന്ന വിശദമായ ലേഖനങ്ങൾ ഡിജിറ്റൽ ഫിലിം മാസികയായ 'ഫിലിം വിഷൻ' മുഖേന പതിവ് പോലെ നൽകിക്കൊണ്ട് നടത്തിയ ചലച്ചിത്ര മേളയായിരുന്നു ഇതും.

ഓരോ ചലച്ചിത്രവും ഫിൽക്ക ജനറൽ സെക്രട്ടറി നേരിട്ട് വിവരണം നൽകിയ ശേഷമാണ് സ്ക്രീൻ ചെയ്തത്.




മേളയിൽ ആദ്യമായി അവതരിപ്പിച്ചത് നോവലിസ്റ്റ്, കഥാകൃത്ത്, നാടകകൃത്ത്, ദാർശനികനായ ചിന്തകൻ എന്നീ നിലകളിൽ മികച്ച സംഭാവനകൾ നൽകിയ നോബൽ സമ്മാന ജേതാവ് കൂടിയായ വ്യക്തിത്വം, അകാലത്തിൽ പൊലിഞ്ഞ ദുരന്ത പുരുഷൻ എന്നീ നില കളിൽ ശ്രദ്ധേയനായ അൾജീരിയയിൽ ജനിച്ച ഫ്രഞ്ചുകാരൻ ആൽബേർ കമ്മ്യൂവിന്റെ പ്ലേഗ് എന്ന നോവലിനെ ആസ്പദമാക്കി അർജൻറീനിയൻ




സംവിധായകൻ ലൂയിസ് പ്യൂയൻസൊ 1992 ൽ അതേ പേരിൽ നിർമ്മിച്ച സിനിമ യായിരുന്നു.

1940 കളിൽ ഭൂപ്രകൃതി, കാലാവസ്ഥ, വിരസതയാർന്ന ജനജീവിതം ഏന്നിവ കൊണ്ട് ദുസ്സഹവും ഒട്ടും ആകർ ഷകം അല്ലാത്തതുമായ 'ഒറാൻ' എന്ന അൾജീരിയൻ കടൽത്തീരപട്ടണത്തിൽ സംഭവിക്കുന്ന പ്ലേഗ് ബാധയിലൂടെ തുടങ്ങുന്ന നോവൽ; ഡോ.റിയു, ബർണാഡ്, കോട്ടാർ, ഫാ. പാനിലോ, ഗ്രാന്റ് തുടങ്ങിയ കഥാപാത്രങ്ങളുടെ മാനസിക സംഘർഷങ്ങളും ധർമ്മ സങ്കടവും ആവിഷ്കരിച്ച നോവൽ; അസ്ഥിത്വബോധം, മരണം, മനുഷ്യ സ്നേഹം, വേർപാട്, പ്രത്യാശ എന്നി വയെല്ലാം പ്ലേഗ് എന്ന രൂപകത്തിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിച്ച കൃതി യാണ് . അതിന്റെ തേർവാഴ്ചയ്ക്കു ശേഷം പ്ലേഗ് വിട്ടു പോകുന്നെങ്കിലും കാലം കഴിയുമ്പോൾ ശാന്തവും സന്തുഷ്ടവുമായി കഴിയുന്ന ഒരു ജനസമൂഹത്തിനിടയിലേക്ക് പ്ലേഗിന്റെ അണുക്കൾ വീും കടന്നു വന്ന് മരണം വിതയ്ക്കാമെന്ന ദുരന്ത സൂചന യോടെയാണ് നോവൽ അവസാനിക്കുന്നത്.

ഈ നോവലിന്റെ ചലച്ചിത്ര രൂപമെന്നത് തികച്ചും ദുഷ്കരമായ യത്നമാണ്. ആ സാഹസത്തിനാണ് ഈ ചിത്രത്തിന്റെ സംവിധായകൻ മുതിർന്നത്. നോവലിലും സിനിമയിലും ആവിഷ്കരിച്ചിരിക്കുന്ന പല സംഭവങ്ങളും സമീപകാലത്ത് ലോകം ദർശിച്ച കോവിഡ് മഹാമാരിയുടെ സ്മരണ ഉണർത്തുന്നതായിരുന്നു.

അടുത്തതായി അവതരിപ്പിക്കപ്പെട്ടത് അന്യതാബോധം, ദുരന്തബോധം എന്നിവ സാഹിത്യത്തിൽ ആവിഷ്കരിച്ച് അസ്തി ത്വവാദദർശനത്തിൽ അധിഷ്ഠിതമായ ആധുനിക സാഹിത്യത്തിന്റെ തുടക്കക്കാരൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ചെക്ക് - ജർമ്മൻ സാഹിത്യകാരൻ ഫ്രാൻസ് കാഫ്കയുടെ 'മെറ്റമോർഫസിസ് 'എന്ന നീകഥയെ അവലംബിച്ച് 2012 ൽ ക്രിസ് സ്വാൻടൺ എന്ന ബ്രിട്ടീഷ് സംവിധാ യകന്റെ അതേ പേരിലുള്ള ചിത്രമായിരുന്നു.

ഒരു കീടമായി രൂപാന്തരം പ്രാപിക്കുന്ന ഒരു സെയിൽസ്മാന്റെ ജീവിതത്തെ ആസ്പദമാക്കി രചിക്കപ്പെട്ട കൃതിയാണ് മെറ്റമോർഫസിസ് (രൂപാന്തരം ). സെക്യൂരിറ്റി ഉദ്യോഗസ്ഥനായ



October Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-V





പിതാവും , വീട്ടമ്മയായ മാതാവും, സംഗീത പരിശീലനം ലക്ഷ്യമിട്ട് ജീവിക്കുന്ന പ്രിയപ്പെട്ട സഹോദരിയും താനുമടങ്ങുന്ന കുടുംബത്തെ പോറ്റാനുള്ള യത്നത്തിൽ ബദ്ധശ്രദ്ധനായ നായക കഥാപാത്രമാണ് ഈ നീ കഥയിലേത്. ഈ ശ്രമത്തിനിടയിൽ ഉത്കണ്ഠ നിറഞ്ഞ തും വിരസവുമായ ജീവിതം നയിച്ചിരുന്ന അയാളുടെ കീടമായുള്ള രൂപാന്തരം തന്നെ ആശ്രയിച്ചു കഴിഞ്ഞവരിൽ നടുക്കവും രോഷവും ഉളവാക്കുന്നു. അവർക്ക് പ്രയോജനരഹിതനായി മാറിക്കഴിഞ്ഞ കീടത്തിനു നേരെ അധിക്ഷേപം ചൊരിയുന്ന അവർ തങ്ങളുടെ മുന്നോട്ടുള്ള ജീവിതത്തിന് വിഘാതം സൃഷ്ടിക്കുന്ന ഒന്നായി ഇതിനെ തിരിച്ചറിയുന്നു. അവരിൽ നിന്നുള്ള അധിക്ഷേപത്തിന് പോലും വിധേയമായ ഈ കീടത്തെ ഒഴിവാക്കാൻ അവർ ശ്രമിക്കുന്നു. പിതാവിന്റെ ആപ്പിൾ കൊണ്ടുള്ള ഏറ് തന്റെ ശരീരത്തിൽ ഉണങ്ങാത്ത വ്രണമായി മാറുന്ന കീടം ഭക്ഷണം കഴിക്കാൻ കൂട്ടാക്കാതെ യും ചലനശേഷിയും ഊർജ്ജസ്വലത യും പടിപടിയായി നഷ്ടപ്പെട്ട് ചത്തു പോവുകയും ചെയ്യുന്നു. അതോടെ ഒരു ശല്യമൊഴിഞ്ഞ ആശ്വാസത്തോടെ അയാളുടെ കുടുംബാംഗങ്ങൾ മറ്റൊരു സ്ഥലത്തേക്ക് മാറി തങ്ങളുടെ ജീവിതം സ്വച്ഛന്ദമായി മുന്നോട്ടുകൊണ്ടുപോകുന്നത് സിനിമയിൽ നമുക്ക് കാണാം.

കാഫ്കയുടെ കഥയിലെ വാക്കുകൾ തന്നെ വോയിസ് ഓവറും സംഭാഷണവുമായി ഉപയോഗിച്ച ഈ ചിത്രത്തിൽ കീടത്തെ ക്യാമറ ഇഫക്റ്റ്സിലൂടെ പ്രേക്ഷകർക്ക് മുന്നിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

അവസാനമായി അവതരിപ്പിക്കപ്പെട്ടത് അസംബന്ധനാടകങ്ങളുടെ രചയിതാവ് എന്ന നിലയിൽ സാമുവൽ ബെക്കറ്റി നൊപ്പം ശ്രദ്ധേയനായ ഇരുപതാം നൂറ്റാണ്ടിലെ ഫ്രഞ്ച് നാടകകൃത്ത് യൂനസ്കോയുടെ റൈനോസെറസ് (കാണ്ടാമൃഗം) എന്ന നാടകത്തെ അടിസ്ഥാനമാക്കി അമേരിക്കൻ സംവിധായകൻ ടോം. ഒ. ഹോഗൻ സംവിധാനം ചെയ്ത് അതേ പേരിൽ 1974 ൽ പുറത്തിറക്കിയ സിനിമയാണ്.

തന്നെ വലയം ചെയ്തു നിൽക്കുന്ന മനുഷ്യരെല്ലാം കാണ്ടാമൃഗങ്ങളായി രൂപാന്തരം പ്രാപിക്കുന്ന അവസ്ഥയിൽ മനുഷ്യനായി നിന്ന് അത്തരം ഒരു



അവസ്ഥയെ അതിജീവിക്കുന്ന ഒരു വ്യക്തിയുടെ കഥയാണിത്. 'തിയേട്രിക്കൽ അഡാപ്റ്റേഷൻ' എന്ന നിലയിൽ യോനസ്കോയുടെ തന്നെ 'ലെസ്സൺ' (പാഠം) തുടങ്ങിയ നാടകങ്ങൾ പോലെ ശ്രദ്ധേയമായ കൃതി.

പ്രതികരണത്തിനുള്ള കരുത്തും ചിന്താശക്തിയും നഷ്ടപ്പെട്ട് വ്യക്തിത്വ മില്ലാതായി പൂർവ്വ മാതൃകകളെ പിൻപറ്റുന്ന അഭിശപ്തരായ മനുഷ്യരുടെ രൂപകമായി കാണ്ടാമൃഗം അനുഭവപ്പെട്ടു. കാണ്ടാമൃഗം സിനിമയിൽ നേരിട്ട് പ്രത്യക്ഷപ്പെടുന്നില്ല .സൗണ്ട് ഇഫെക്റ്റ്സിലൂടെയും തെരുവി ലൂടെ മിന്നായം പോലെ മറയുന്ന ലൈറ്റ് ഇഫെക്റ്റ്സിലൂടെയുമാണ് കാണ്ടാമൃഗത്തെ സിനിമയിൽ അവതരിപ്പിച്ചിരിക്കുന്നത്. നാടകത്തിലെ സംഭാഷണത്തെ അതേപടി സിനിമയിൽ പിന്തുടർന്നിരിക്കുന്നു.

ഈ ചലച്ചിത്രമേളയ്ക്ക് മുന്നോടിയായി പുറപ്പെടുവിച്ച ഫിലിം വിഷൻ ഡിജിറ്റൽ മാസിക ഉള്ളടക്കം കൊണ്ടും എഡിറ്റിങ്ങ്, ലേ ഔട്ട് എന്നിവയിലൂടെയും പൂർവാധികം നന്നായി തയ്യാറാക്കപ്പെട്ട ഒന്നായിരുന്നു. ചരിത്രപരമായ വഴിത്തിരിവും ആധുനികതയും ഇരുപതാം നൂറ്റാണ്ടിൽ, ആധുനിക കലയുമായി ബന്ധപ്പെട്ട ആശയങ്ങൾ, സൗന്ദര്യശാസ്ത്രം എന്നിങ്ങനെ പൊതു വിഷയങ്ങളെ ക്കുറിച്ചുള്ള വിശദമായ ലേഖനങ്ങൾ കൂടാതെ പ്രദർശിപ്പിക്കുന്ന മൂന്നു സിനിമകളെക്കുറിച്ചും അവയുടെ സംവിധായകരെക്കുറിച്ചും വിശദമായ പശ്ചാത്തല വിവരങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങളും അടങ്ങുന്നതായിരുന്നു സെപ്റ്റംബർ മാസത്തെ ഫിലിം വിഷൻ ഡിജിറ്റൽ മാസിക. കാമ്പുള്ള ലേഖനങ്ങൾ കൂടാതെ മേളയിൽ ഉൾപ്പെടുത്തപ്പെട്ട മൂന്ന് സിനിമകളുടെയും പ്രമേയത്തെ അധികരിച്ച് അനീഷ് രവി, രാജാംബിക, പുഷ്പ അനിൽ എന്നിവർ എഴുതിയ കവിതകൾ ഡിജിറ്റൽ മാസികയുടെ മാറ്റ് വർദ്ധിപ്പിച്ചു.

തൊട്ടു മുൻപിലത്തെ മാസത്തിൽ നടന്ന ചരിത്രമേളയെ കുറിച്ച് പതിവുപോലെയുള്ള പ്രതികരണവും ചടങ്ങുകളുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്തപ്പെട്ട ചിത്രങ്ങളും വർണ്ണാഭവും ശ്രദ്ധേയവുമായിരുന്നു.

സിനിമയെന്ന കലാരൂപത്തെ ഗൗരവമായി സമീപിക്കുന്ന ചലച്ചിത്ര കുതുകികൾക്കും സിനിമാസ്വാദകർക്കും ഉപകാരപ്പെടുന്നതാണ് ഫിൽക്കയുടെ ഫിലിം വിഷൻ എന്ന പ്രസിദ്ധീകരണം.(**www.filca.in / Magazine** ).


ഒരു സാഹിത്യകൃതിയെ ചലച്ചിത്ര ഭാഷ യിലേക്ക് പരാവർത്തനം ചെയ്യുമ്പോഴുള്ള നേട്ടങ്ങളെയും കോട്ടങ്ങളെയും സംബന്ധിച്ച് ചലച്ചിത്ര പഠിതാക്കൾക്ക് പഠനത്തിന് ഉപകരിക്കുന്നതായിരുന്നു ഫിൽക്ക ഫിലിം സൊസൈറ്റി സെപ്റ്റംബർ മാസത്തിൽ അവതരിപ്പിച്ച മൂന്നു സിനിമകളും.



# ആന്ദ്രേ താർകോവ്സ്കി

# സ്റ്റോക്കർ

## വിശ്വവിഖ്യാത ചലച്ചിത്ര ശിൽപത്തിന്റെ തിരക്കഥാ പുനരാവിഷ്കാരം മലയാളത്തിൽ !




ഓഡിറ്റോറിയത്തിൽ
സ്റ്റോക്കർ പുസ്തകം
(മുഖവില 200 രൂപ)
150 രൂപയ്ക്ക്
ലഭിക്കുന്നതാണ്.
GPay സൗകര്യം
ഉണ്ടായിരിക്കും

Vinod Kumar

UPI ID: vinku72@oksbi

Scan to pay with any UPI app


Film Vision Monthly October 2025.Rs 2/-RNI-KER/BIL/2002/8043

**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.

വില: ~~₹ 200~~ ₹150




13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ചാലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com
Shop Online

CHIEF EDITOR* : Dr. B. RADHAKRISHNAN . ASSOCIATE EDITORS* : RAJAMBIKA.S.S.
DR. LALITHA GOURI , SUB EDITORS* : JYOTHISHKUMAR.P.S. ,
GIRIJA SURENDRAN. ,DESIGN*: SHAJI CAD ., CIRCULATION*: VINODKUMAR. P.
EDITOR AND PUBLISHER*: Dr. SABU SANKAR ,
GENERAL SECRETARY, FILCA FILM SOCIETY, PB 2224, TRIVANDRUM -695010.
Phone: 80890 36090. Email: filcakerala@gmail.com